മി. സ്പീക്കർ: ഓർഡർ......ഓർഡർ.......ചോദ്യം നമ്പർ (*91)

## തീരദേശ മേഖലയ്ക്കായി പ്രഖ്യാപിച്ച പാക്കേജ്

1 (*91 ) ശ്രീ. കെ. രാജൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ തീരദേശ മേഖലയ്ക്കായി പ്രഖ്യാപിച്ച പാക്കേജിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) തീരദേശ പാക്കേജിന്റെ ഭാഗമായി 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) തീരദേശ മേഖലകളിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികളും ആയതിന് വകയിരുത്തിയ തുകയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) റീബിൽഡ് കേരള ഫണ്ടിൽ നിന്നും തീരദേശത്തുള്ള

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് തുക വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, അടിസ്ഥാന സൗകര്യ വികസനത്തിനായി 2000 കോടി രൂപയുടെ തീരദേശ പാക്കേജ് പ്രഖ്യാപിച്ചു. ഇതുമായി ബന്ധപ്പെട്ട് ജീവനോപാധികൾക്ക് മാത്രമാണ് 500 കോടി രൂപ സ്പെഷ്യലായിട്ടെടുക്കുന്നത്. ഇപ്പോൾ നമ്മൾ നടപ്പിലാക്കിയിരിക്കുന്ന പദ്ധതികൾ 2,000 കോടി രൂപയ്ക്കുപ്പുറമാണ്. ഫിഷറീസ് ഡിപ്പാർട്ടുമെന്റ് മുഖേന ഭവനനിർമ്മാണത്തിനായി 2,450 കോടി രൂപ കൂടാതെ നിലവിലുള്ളതെല്ലാം കൂടിച്ചേരുമ്പോൾ പശ്ചാത്തല സൗകര്യ വികസനത്തിന് മാത്രമായി 2874 കോടി രൂപയുടെ പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കിഫ്ബി സഹായത്തോടുകൂടി പശ്ചാത്തല സൗകര്യ വികസനം, ഹാർബറുകൾ, തീരദേശ സംരക്ഷണം എന്നിവയും നടന്നുവരുന്നു. ഹാർബറുകൾക്ക് 219 കോടി രൂപയുടെ അനുമതിയും തീരദേശ സംരക്ഷണത്തിന് 99.86 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരവും നൽകി. സ്കൂളുകൾ, തീരദേശ മാർക്കറ്റുകൾ എന്നീ പദ്ധതികൾ തത്വത്തിൽ അംഗീകരിച്ച് ഇപ്പോൾ നടപ്പിലാക്കാൻ

പോവുകയാണ്. കിഫ്ബി വഴി ഏകദേശം 600 കോടി രൂപയുടെ പദ്ധതിക്കാണ് പ്രത്യേക അനുമതി ലഭ്യമായിട്ടുള്ളത്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുവഴി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് തീരദേശ റോഡുകളും ഹാർബറുകളുമാണ്. ഹാർബറുകൾക്ക് 422 കോടി രൂപയും റോഡുകൾക്ക് 650 കോടി രൂപയുടെയും പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതുമാത്രം ഏകദേശം 1000 കോടിയോളം രൂപയുടെ പദ്ധതികളാണ്. മത്സ്യവകുപ്പു മുഖേനയുള്ള പദ്ധതികളും പദ്ധതിക്ക് പുറമേയുള്ളതും എടുത്തു നോക്കിയാൽ നാലായിരത്തിലധികം കോടി രൂപയുടെ പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(എ) ഓഖി ദുരന്തത്തിനുശേഷം 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2000 കോടി രൂപയുടെ തീരദേശ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഇതിനായി മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദിന്റെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കമ്മിറ്റി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വിശദമായ പഠനം ആവശ്യമാണെന്ന് കണ്ടെത്തുകയും തീരദേശ അടിസ്ഥാന സൗകര്യം, മത്സ്യത്തൊഴിലാളി മാനവ വികസനം,

സാമൂഹ്യ സുരക്ഷിതത്വം, ദുരന്ത നിവാരണം, കടൽ സുരക്ഷ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച പഠനം ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിനെയും ജീവനോപാധി സംബന്ധിച്ച പഠനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് ആനന്ദ്-നെയും ചുമതലപ്പെടുത്തുകയും TISS മുഖേനയുള്ള പഠനം പൂർത്തീകരിച്ച് ഫീൽഡ് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. IRMA മുഖേനയുള്ള പഠനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മത്സ്യമേഖലയിലെ പശ്ചാത്തല വികസനവും മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ഉറപ്പാക്കുന്ന പദ്ധതികൾ ഇതിനകം നടപ്പാക്കി തുടങ്ങിയതിനാൽ ഫിഷറീസ് മേഖലയിൽ 500 കോടി രൂപയുടെ ജീവനോപാധി പദ്ധതികൾ നടപ്പിലാക്കുന്നതിന് വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കുക, തൊഴിലുപകരണങ്ങൾ നൽകുക, പെൻഷൻ നൽകുക മുതലായ നിരവധി ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിന് പുറമെ തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ 4398 കോടി രൂപയുടെ പശ്ചാത്തല വികസന പദ്ധതികളാണ് ഫിഷറീസ് വകുപ്പും ഹാർബർ

എഞ്ചിനീയറിംഗ് വകുപ്പും മുഖേന നടപ്പിലാക്കിവരുന്നത്.

മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസം ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. കടൽത്തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 2016-17 വർഷം മുതൽ ഫിഷറീസ് പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി 1902 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം ധനസഹായം നൽകി 964 ഫ്ലാറ്റുകൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കഴിഞ്ഞ നാലുവർഷങ്ങളിലായി തീരദേശത്തെ സ്കൂളുകൾ, ആശുപത്രികൾ എന്നിവയുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി 146.28 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

തീരദേശ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബഡ്ജറ്റ് വിഹിതത്തിന് പുറമേ കിഫ്ബി മുഖേനയും നബാർഡ് RIDF ഫണ്ട് വിനിയോഗിച്ചും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഫണ്ട് വിനിയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

കടൽത്തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 2016-17 വർഷം മുതൽ ഫിഷറീസ് പ്ലാൻ

പദ്ധതിയിലുൾപ്പെടുത്തി 1902 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ചു. 192 ഫ്ലാറ്റുകൾ മുട്ടത്തറയിൽ നിർമ്മിച്ച് കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിച്ചു. കൂടാതെ പുതിയതായി 772 ഫ്ലാറ്റുകൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. കടൽത്തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ പുനർഗേഹം എന്ന ബൃഹത് പദ്ധതിക്ക് അംഗീകാരം ലഭിച്ചു. ഇതിൽ 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1052 കോടി രൂപ ഫിഷറീസിന്റെ പ്ലാൻ ഫണ്ടിൽനിന്നുമാണ് കണ്ടെത്തുന്നത്. ഫിഷറീസ് വകുപ്പ് നടത്തിയ സർവ്വേ പ്രകാരം 18,685 മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത്. ഇതിൽ മാറിത്താമസിക്കാൻ സമ്മതം അറിയിച്ചിട്ടുള്ള 8493 കുടുംബങ്ങളെ ആദ്യഘട്ടത്തിൽ പുനരധിവസിപ്പിക്കുന്നതാണ്. 2019-20, 2020-21, 2021-22 എന്നിങ്ങനെ മൂന്നുവർഷങ്ങൾകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യവർഷം 8487 കുടുംബങ്ങളെയും 2020-21-ൽ 5099 കുടുംബങ്ങളെയും 2021-22-ൽ 5099 കുടുംബങ്ങളെയുമാണ് പുനരധിവസിപ്പിക്കുന്നത്.

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്കായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാർ, നബാർഡ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, കിഫ്ബി എന്നിവിടങ്ങളിലെ ഫണ്ടുപയോഗിച്ചാണ് വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, കൃത്രിമപാര് സ്ഥാപിക്കൽ, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതി, ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കൽ എന്നിവയാണ് തീരദേശത്ത് നടപ്പാക്കിവരുന്ന പ്രധാന പദ്ധതികൾ. 2016-17, 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷത്തിൽ മേൽപദ്ധതികളിൽ ഉൾപ്പെടുത്തി വ്യക്തിഗത ഫ്ലാറ്റുകൾ, വിദ്യാഭ്യാസ-ആരോഗ്യ സ്ഥാപനങ്ങൾ, മത്സ്യമാർക്കറ്റുകൾ,

ഫിഷറീസ് ഫാമുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഡ്രെയിനേജ് സംവിധാനം, തീരദേശ റോഡ് പുനരുദ്ധാരണം മുതലായ വ്യത്യസ്ത പശ്ചാത്തല വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇത്തരം പശ്ചാത്തല വികസന പദ്ധതികൾക്കെല്ലാമായി കഴിഞ്ഞ 4 വർഷത്തിനുള്ളിൽ 4398 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കിവരുന്നത്.

(ബി) 1. തീരദേശ പാക്കേജിന്റെ ഭാഗമായി 500 കോടി രൂപയുടെ ജീവനോപാധി പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

2. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി നടപ്പിലാക്കും. 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1052 കോടി രൂപ ഫിഷറീസിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്.

3. കൂടാതെ സംസ്ഥാനത്തെ തീരദേശ മേഖലയിൽ മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യബന്ധന തുറമുഖങ്ങളോടനുബന്ധിച്ചുള്ള തീരസംരക്ഷണ പ്രവൃത്തികൾ, വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ,

മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം എന്നിങ്ങനെ വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കും.

(സി) സംസ്ഥാനത്തെ തീരദേശ മേഖലയിൽ മത്സ്യബന്ധന തുറമുഖങ്ങൾ, തീരസംരക്ഷണ പ്രവൃത്തികൾ, വിദ്യാഭ്യാസാടിസ്ഥാന സൗകര്യ പ്രവൃത്തികൾ, വികസന പ്രവൃത്തികൾ, മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം എന്നിങ്ങനെ വിവിധ പദ്ധതികളാണ് ഫിഷറീസ് വകുപ്പ് കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നത്. മേൽപദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി, കൊല്ലം ജില്ലയിലെ താന്നി, ആലപ്പുഴ ജില്ലയിലെ കായംകുളം, തോട്ടപ്പള്ളി, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ, കണ്ണൂർ ജില്ലയിലെ തലായ്, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം എന്നിവിടങ്ങളിലായി 7 തീരസംരക്ഷണ പദ്ധതികൾക്കായി 99.82 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പൂന്തുറ ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മാണത്തിനായി 17.80 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ 112.218 കോടി രൂപയുടെ മത്സ്യബന്ധന തുറമുഖം

സ്ഥാപിക്കുന്നതിനുള്ള അംഗീകാരം നൽകുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ആലപ്പുഴ ജില്ലയിലെ ചെത്തിയിൽ ഒരു മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനായി 97.43 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്.

കിഫ്ബിയിൽ ഉൾപ്പെടുത്തി 69 തീരദേശ സ്കൂളുകളുടെ വികസനത്തിന് 141.27 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ഇതിൽ 56 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 64.18 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിച്ചു. കിഫ്ബിയിൽ ഉൾപ്പെടുത്തി 65 മത്സ്യമാർക്കറ്റുകളുടെ വികസനത്തിന് 193.46 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലുള്ള 15 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് 41.74 കോടി രൂപയുടെ പദ്ധതി കിഫ്ബിയിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. മറ്റുള്ള മത്സ്യമാർക്കറ്റുകളുടെയും കിഫ്ബി മാനദണ്ഡപ്രകാരമുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ഡി) റീബിൽഡ് കേരള ഫണ്ടിൽ നിന്നും തീരദേശത്തുള്ള മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് തുകയൊന്നും

വകയിരുത്തിയിട്ടില്ല.

എന്നാൽ ഇപ്പോൾ ഷിറിയ, കണ്ണൂരിലെ പുതിയങ്ങാടി, അജാനൂർ എന്നിങ്ങനെ മൂന്ന് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനായി റീബിൽഡ് കേരളയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമായിട്ടില്ല.

ശ്രീ. കെ. രാജൻ: സർ, പരമ്പരാഗതമായി മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന ലക്ഷകണക്കിന് മത്സ്യത്തൊഴിലാളികളെ ഒഴിവാക്കി വൻകിട കുത്തക കോർപ്പറേറ്റ് കമ്പനികൾക്ക് കടലാകെ തീറെഴുതി കൊടുക്കുന്നൊരു തീരുമാനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഇതിനകം പ്രഖ്യാപിക്കപ്പെട്ട പല നിയമങ്ങളിലൂടെയും ഉണ്ടായിട്ടുള്ളത്. കേന്ദ്ര മത്സ്യബന്ധന നിയന്ത്രണ പരിപാലന ബിൽ കൊണ്ടുവന്നപ്പോൾ അതൊഴിവാക്കാനായി കേരളം ശക്തമായ ഇടപെടൽ നടത്തിയത് പൊതുവെ അംഗീകരിക്കപ്പെട്ടതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കഴിഞ്ഞ ദിവസം പറഞ്ഞതുപോലെ പ്രത്യേകമായി വിപ്പ് നൽകിയതല്ല. ഇന്നലെ മലയാള മനോരമ തന്നെ എഡിറ്റോറിയൽ എഴുതി കേരളത്തെ പ്രത്യേകമായി അഭിനന്ദിച്ചതാണ്. മത്സ്യത്തൊഴിലാളികൾക്ക് കേരളത്തിൽ നടപ്പിലാക്കിവരുന്ന നിരവധി പദ്ധതികൾ അങ്ങ് ഇന്നലെ

വിവരിക്കുകയുണ്ടായി. ഭവന പദ്ധതി, ഹാർബർ നിർമ്മാണവും നവീകരണവും, കടലാക്രമണത്തിന്റെ പ്രതിരോധം, കടൽഭിത്തി, സമ്പാദ്യ സമാശ്വാസ പദ്ധതി, മാർക്കറ്റുകളുടെ നവീകരണം....

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കു.

ശ്രീ. കെ. രാജൻ: സർ, എന്റെ ചോദ്യം, ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഇടപെടൽ എന്തൊക്കെയാണ്? അതുമാത്രമല്ല, കേരളത്തിന്റെ കടൽത്തീരം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നുവെന്ന ആശങ്ക ഉളവാക്കപ്പെടുന്ന പുതിയ സാഹചര്യത്തിൽ  തീരം സംരക്ഷിക്കുന്നതിനുവേണ്ടി ഏതെങ്കിലും പുതിയ നടപടികൾ ഈ നടപടിക്രമത്തിന്റെ ഭാഗമായി സർക്കാരിന് പ്രഖ്യാപിക്കാൻ കഴിയുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ,  കേന്ദ്ര ഗവൺമെന്റ് പദ്ധതികളെപ്പറ്റി പറഞ്ഞാൽ, ഹാർബറിനും ഹാർബർ  നവീകരണത്തിനും  തുക നൽകിയിരുന്നു. ആദ്യകാലത്ത് 80 ശതമാനം കേന്ദ്രവിഹിതമുണ്ടായിരുന്നത് 60 ശതമാനമായും, 50:50 ആയും പിന്നീട് 40 ശതമാനമായും കുറഞ്ഞു. ഈ പുതിയ സാമ്പത്തിക വർഷം മുതൽ ഒരു പൈസയും കേന്ദ്ര വിഹിതമായി വരുന്നില്ല. അതിനുപകരം ഇപ്പോൾ കേന്ദ്രം പുതിയതായി പ്രഖ്യാപിച്ചത്, ഹാർബർ നവീകരണത്തിന്

FIDF (Fisheries and Aquaculture Infrastructure Development Fund) വഴി വായ്പയെടുക്കാനും പലിശ കേന്ദ്രം നൽകാമെന്നുമാണ്. അവരുടെ പാറ്റേണിൽതന്നെ ബേസിക്കായുള്ള മാറ്റങ്ങൾ വന്നുകഴിഞ്ഞു. തീരദേശ സംരക്ഷണത്തിന് ഇതിനുമുമ്പും കേന്ദ്രത്തിന്റെ ഫണ്ട് ലഭിച്ചിരുന്നില്ല. കേരളമാണ് ഇറിഗേഷൻ വകുപ്പുവഴി ചെയ്തുകൊണ്ടിരുന്നത്. ഇന്ന് കേരളം നേരിടുന്നൊരു പ്രശ്നം, മലയായ മലയെല്ലാം ഇടിച്ച് തീരത്തുകൊണ്ടിടാൻ കഴിയാത്ത തരത്തിൽ പാരിസ്ഥിതിക പ്രശ്നങ്ങളാണ് ഉണ്ടായിരിക്കുന്നത്. അതുകൊണ്ട് പുതിയ സംവിധാനം ആർജ്ജിച്ചേ മതിയാകൂ. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ എൻ.ഐ.ഒ.റ്റി. (National Institute of Ocean Technology)-യുടെ സാങ്കേതിക സഹായത്തോടുകൂടി പൂന്തുറയിൽ മോഡൽ പൈലറ്റ് പ്രോജക്ട് ആരംഭിക്കാൻ പോവുകയാണ്. ഇന്നലെ അതിനുള്ള ടെണ്ടർ ലഭിച്ചിരുന്നു, അത് അപ്രൂവ് ചെയ്തു. ഈ മാസം അവസാനത്തോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഡേറ്റ് ലഭിക്കുന്ന മുറയ്ക്ക് കേരളത്തിന് ഒരു പുതിയ മെത്തേഡ്, 'ഓഫ് ഷോർ ബ്രേക്ക് വാട്ടർ'-ന് ഞങ്ങൾ തുടക്കം കുറിക്കുകയാണ്. അതിനായി കിഫ്ബി 150 കോടി രൂപയുടെ പദ്ധതി (ഓഫ് ഷോർ ബ്രേക്ക് വാട്ടർ) തീരസംരക്ഷണത്തിന് നൽകിയിട്ടുണ്ട്. അതിൽ പൈലറ്റായി പൂന്തുറയിൽ

17 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 17 കോടി രൂപയുടെ പദ്ധതി ഈ മാസംതന്നെ ആരംഭിക്കാൻ കഴിയും. പൂന്തുറ, വലിയതുറ പ്രദേശത്ത് ഓഫ് ഷോർ ബ്രേക്ക് വാട്ടർ 700 മീറ്ററാണിപ്പോൾ ചെയ്യുന്നത്. ജൂൺ-ജൂലൈ മാസത്തിനുള്ളിൽ അതിന്റെ നിർമ്മാണം പൂർത്തിയാകും. ഈ റഫ് സീസണിൽ അത് പ്രൊട്ടക്റ്റ് ചെയ്യപ്പെടുന്നത് വിജയകരമെന്നുകണ്ടാൽ ഡിസംബർ മാസത്തിൽ ശംഖുമുഖം വരെ 6 കി.മീ നീളത്തിൽ ഓഫ് ഷോർ ചെയ്യാനാണുദ്ദേശിക്കുന്നത്. കടലൂരിൽ എൻ.ഐ.ഒ.റ്റി. ചെയ്തത് വിജയകരമാണെന്ന് ഞങ്ങൾ നേരിട്ടുകണ്ടു. അതാണ് ഇവിടെ നടപ്പിലാക്കാൻ പോകുന്നത്.

<u>മി. സ്പീക്കർ</u>: ജി.ഒ. പൈപ്പാണോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ജി.ഒ. ട്യൂബാണ്. അത് വിജയകരമായാൽ പാറയിട്ട് തീരം സംരക്ഷിക്കുക എന്ന സ്ഥിതിയിൽ നിന്നും എന്നന്നേയ്ക്കുമായി മാറ്റം വരും. ജി.ഒ. ട്യൂബ് വഴി തീരത്തെ സംരക്ഷിക്കാമെന്ന പുതിയൊരു അദ്ധ്യായമാണ് കേരളം തുറക്കുന്നത്. തിരുവനന്തപുരം ശംഖുമുഖം കടലെടുത്ത് പോയിരിക്കുകയാണ്. തീർച്ചയായും ഡിസംബർ മാസത്തോടുകൂടി അത് ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്.

<u>ശ്രീ. കെ. രാജൻ</u>: സർ, കേരളത്തിന്റെ സൈന്യമെന്ന് നാം അഭിമാനിക്കുന്നത് മത്സ്യത്തൊഴിലാളികളെയാണ്. ഇത്തവണത്തെ ബഡ്ജറ്റിൽ ഫിഷർമാനെന്ന് പ്രത്യേകമായി സൂചിപ്പിച്ചുകൊണ്ട് ഗവൺമെന്റിന്റെ നയം പ്രഖ്യാപിക്കുകയുും ചെയ്തു. എന്നാൽ കേരളം ഇത്തരത്തിലുള്ള ഇടപാടുകളെല്ലാം നടത്തിയിട്ടും മത്സ്യബന്ധന രംഗത്ത് വലിയ ആശങ്കകളുണ്ടെന്നുള്ളത് അങ്ങേയ്ക്കറിയാം. മണ്ണെണ്ണയുടെ വിഹിതം വർദ്ധിപ്പിക്കുന്നതുമായും യന്ത്രവൽകൃത ബോട്ടുകൾക്ക് ഡീസൽ സബ്സിഡി അനുവദിക്കുന്നതുമായും ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങളുണ്ട്. എന്റെ ചോദ്യം, മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംശദായം അടയ്ക്കുന്ന തൊഴിലാളിക്ക് റിട്ടയർമെന്റ് ബെനിഫിറ്റ് സ്കീം, മറ്റ് ക്ഷേമനിധികളിൽ ലഭ്യമാകുന്നതുപോലെ റിട്ടയർമെന്റാകുന്ന സമയത്ത് അംശദായം തിരിച്ചു കൊടുക്കുന്നതുമായി ബന്ധപ്പെട്ട സംശയങ്ങൾ നിലനിന്നിരുന്നു. അത് ദൂരീകരിക്കാനായി പുതിയ ബഡ്ജറ്റിലും അക്കാര്യം സൂചിപ്പിച്ചിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നത്. ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ സാധിക്കുക?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, അങ്ങ് രണ്ട് ചോദ്യങ്ങളാണ്

ചോദിച്ചത്. ഒന്ന് മണ്ണെണ്ണയാണ്. കേന്ദ്ര ഗവൺമെന്റ് മുൻകാലങ്ങളിൽ ഫ്യൂവലിനുവേണ്ടിയിട്ടാണ് സബ്സിഡി മണ്ണെണ്ണ നൽകിക്കൊണ്ടിരുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണം കേരളത്തിൽ നടപ്പിലാക്കിയതോടുകൂടി മണ്ണെണ്ണയുടെ അലോക്കേഷൻ ഒരു തൊഴിലാളിക്ക് 40 ലിറ്റർ വരെയെന്നുള്ളത് നന്നേ കുറഞ്ഞു. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണയുടെ ആവശ്യമുണ്ട് എന്നത് കേന്ദ്ര ഗവൺമെന്റിൽ ഞങ്ങൾ നിവേദനം സമർപ്പിച്ചതിന്റെ ഭാഗമായി ഇപ്പോൾ 10,000 ലിറ്ററാണ് സിവിൽ സപ്ലൈസ് വഴി നോൺ സബ്സിഡൈസ് പി.ഡി.എസ്. മണ്ണെണ്ണ നൽകിക്കൊണ്ടിരിക്കുന്നത്. അതും തികയുന്നില്ല. അതവർ കുറച്ച് തരുന്നുണ്ട്. കേന്ദ്രവഗൺമെന്റിനോട് വീണ്ടും ഞങ്ങൾ ആവശ്യപ്പെട്ടപ്പോൾ ഇന്നലെ അവർ തന്ന മറുപടി, നോൺ സബ്സിഡൈസ് പി.ഡി.എസ്. നൽകിയത് മുഴുവൻ നിങ്ങൾ ചെലവഴിച്ചില്ല, ചെലവഴിച്ചതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് തരികയാണെങ്കിൽ മണ്ണെണ്ണ നൽകാമെന്നാണ്. അത് സിവിൽ സപ്ലൈസ് വകുപ്പുമായി ഞങ്ങൾ ചർച്ച ചെയ്യാനിരിക്കുകയാണ്. എന്തായാലും മണ്ണെണ്ണയുടെ സബ്സിഡി കേന്ദ്രം അനുവദിക്കുന്നില്ല. കേരള സർക്കാർ 150 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം മണ്ണെണ്ണ സബ്സിഡി നൽകിയത്. നോൺ പി.ഡി.എസ്.

ലഭിച്ചാൽ നമുക്കതുമായി ലിങ്ക് ചെയ്ത് ആവശ്യത്തിനുള്ള മണ്ണെണ്ണ മത്സ്യത്തൊഴിലാളിക്ക് നിയന്ത്രിത വിലയ്ക്ക് നൽകാൻ കഴിയുമോ എന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. കേന്ദ്രം എണ്ണ തന്നാൽ തീർച്ചയായും അതിലേയ്ക്ക് പോകാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്. കേരളത്തിലെ ക്ഷേമനിധി ബോർഡുകളിൽ ഏറ്റവുമധികം ആനുകൂല്യം നൽകുന്ന ബോർഡാണ് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്. മത്സ്യ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ മത്സ്യത്തൊഴിലാളികളെയും (2,42,000 മത്സ്യത്തൊഴിലാളികൾ) ഇൻഷ്വറൻസ് പരിരക്ഷയിൽ കൊണ്ടുവന്നിട്ടുണ്ട്. അതിന്റെ പ്രീമിയം സർക്കാരാണ് അടയ്ക്കുന്നത്. അതുവഴി അപകട മരണത്തിന് 5 ലക്ഷം രൂപ എന്നത് 10 ലക്ഷം രൂപയായി ഉയർത്തി. മത്സ്യബന്ധന വേളയിൽ കാണാതായാലോ സ്ഥിരവും പൂർണ്ണമായതുമായ അവശത വന്നാലോ 10 ലക്ഷം രൂപ നൽകും. ഭാഗീകമായുള്ള അവശത വന്നാൽ 5 ലക്ഷം രൂപ നൽകും. കൂടാതെ ആം ആദ്മി സ്കീമിലും ക്ഷേമനിധി ബോർഡിലും പ്രീമിയം അടയ്ക്കുന്നവർക്കും നൽകുന്നുണ്ട്. അങ്ങനെയും 4 ലക്ഷം രൂപ മുതലുള്ള ആനുകൂല്യം ലഭിക്കുന്നുണ്ട്. ചികിത്സാ സഹായം വളരെ വലിയ തോതിലാണ് ക്ഷേമനിധി ബോർഡ് അനുവദിക്കുന്നത്. 50,000/- രൂപ വരെയുള്ള ചികിത്സാ

സഹായം നൽകുന്നുണ്ട്. സർക്കാർ ആശുപത്രി കൂടാതെ ഉത്രാടം തിരുനാൾ ആശുപത്രി, അമൃത ഇൻസ്റ്റിറ്റ്യൂട്ട്, ബേബി മെമ്മോറിയൽ ആശുപത്രി - കോഴിക്കോട്, വെസ്റ്റ് ഫോർട്ട് - തൃശ്ശൂർ, ഫാത്തിമ ആശുപത്രി - കോഴിക്കോട്, കോട്ടയ്ക്കൽ ആര്യവൈദ്യശാല എന്നീ ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്. മികച്ച സഹായമാണ് ക്ഷേമനിധി ബോർഡ് വഴി നൽകുന്നത്. അതുകൊണ്ട് സർക്കാർ അതിനാണ് ഊന്നൽ നൽകുന്നതെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. ഇ. കെ. വിജയൻ: സർ, തീരദേശത്തിനായി മൂന്ന് സ്വപ്ന പദ്ധതികൾ പ്രാവർത്തികമാക്കുന്ന ദിനമാണിന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശംഖുമുഖത്ത് പുനർഗേഹം പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം ഇന്ന് നിർവ്വഹിക്കുകയാണ്. എന്റെ ചോദ്യം, കടൽത്തീരത്ത് മത്തി, അയല, പോലെയുള്ള മത്സ്യങ്ങൾ കുറഞ്ഞുവരികയാണ്. കാലാവസ്ഥാ വ്യതിയാനം പോലുള്ള പ്രശ്നങ്ങളുണ്ട്. അതിനെ അതിജീവിക്കാനും മറികടക്കാനും, അതിന്റെ കുറവ് ഒഴിവാക്കിയെടുക്കാനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഈ ചോദ്യത്തിന്റെ പരിധിയിൽ വരുന്നതല്ലെങ്കിലും ഞാൻ മറുപടി പറയാം. ഇന്നലെ ഞാനത്

വിശദീകരിച്ചിരുന്നു. മത്സ്യസമ്പത്തിന്റെ അളവിൽ കുറവ് വന്നത് പ്രധാനമായും അശാസ്ത്രീയമായ മത്സ്യബന്ധന രീതി തൊഴിലാളികൾ സ്വീകരിച്ചതിനാലാണ്. ബോട്ടുടമകൾ ചെറുമീനുകളെ പിടിച്ച് നശിപ്പിച്ചതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കേന്ദ്ര സയന്റിഫിക് സ്ഥാപനങ്ങളെല്ലാം തന്നെ സ്ഥിതി ചെയ്യുന്നത് കേരളത്തിലാണ്. CMFRI (Central Marine Fisheries Research Institute) ശിപാർശ ചെയ്തതനുസരിച്ച് 58 ഇനം ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിക്കുകയും അത് നടപ്പിലാക്കാൻ KMFRA (Kerala Marine Fisheries Regulation Act) ആക്ട് ഭേദഗതി ചെയ്യുകയും ചെറുമത്സ്യങ്ങൾ പിടിക്കുന്നത് കർശന ശിക്ഷയുള്ള കുറ്റമായി മാറ്റുകയും ചെയ്തു. അതിന്റെ നടപടികൾ വളരെ കൃത്യമായി വന്നതോടുകൂടി കുറച്ച് മാറ്റം വന്നിട്ടുണ്ട്. 4.88 ലക്ഷം ടണ്ണായിരുന്ന മത്സ്യസമ്പത്ത് ഇപ്പോൾ 6.48 ലക്ഷമായി വർദ്ധിച്ചുവെന്നത് CMFRI-യുടെ കണക്കാണ്. കുറച്ച് വർദ്ധനവ് വന്നിട്ടുണ്ട്. പാരിട്ടുക, കൂട് കൃഷി പ്രോത്സാഹിപ്പിച്ച് പരമ്പരാഗത തൊഴിലാളികളെ ഉൾപ്പെടുത്തി ഉൾനാടൻ ജലാശയങ്ങളിലും കടലോരത്തും മത്സ്യസമ്പത്തിനെ സംരക്ഷിച്ച് തൊഴിലാളികളുടെ വരുമാനം മെച്ചപ്പെടുത്താനുള്ള ബൃഹത്തായ പദ്ധതി സർക്കാരിനുണ്ട്. അത് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ, കേന്ദ്ര മത്സ്യബന്ധന നിയന്ത്രണ പരിപാലന ബില്ലും അതിലെ സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുത്തുകൊണ്ട് വിദേശ കപ്പലുകൾക്ക് കടന്നുവരാനുള്ള അവസരങ്ങളൊരുക്കി മത്സ്യസമ്പത്തിനെ ദോഷകരമായി ബാധിക്കുന്ന നിലപാടുകൾക്കെതിരായി സർക്കാർ ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നുണ്ട്. പക്ഷേ, നിയമംമൂലം നിയന്ത്രിക്കാൻ കഴിയാത്ത ചില പ്രശ്നങ്ങളുണ്ട്. കടലിൽ മത്സ്യസമ്പത്തിന് ഭീഷണിയാകുന്ന തരത്തിൽ ജീവവായു കുറയുന്നതായി ഒരു പഠനം വന്നിട്ടുണ്ട്. അതിനു കാരണം ഓക്സിജൻ മിനിമം സോൺ പ്രതിഭാസമാണ്. അതിനുകാരണമായി ഇന്ത്യയെയാണ് ലോകരാഷ്ട്രങ്ങൾ കുറ്റപ്പെടുത്തുന്നത്. ഇവിടത്തെ രാസമാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ടാണ് കുറ്റപ്പെടുത്തുന്നത്. ദേശീയ മത്സ്യസമ്പത്തിന്റെ ശരാശരി 66 ശതമാനം വരുന്നത് ഉൾനാടൻ ജലാശയങ്ങളിൽ നിന്നാണ്. കേരളത്തിൽ പ്രളയത്തിനു ശേഷം പ്രകൃതിപരമായി ഉണ്ടായിട്ടുള്ള വ്യത്യാസങ്ങളും ജൈവപരമായ മാറ്റങ്ങളുമൊക്കെ മത്സ്യോൽപ്പാദനത്തിൽ തിരിച്ചടിയായി വന്നിട്ടുണ്ടെന്നാണ് വാർത്തകളും പഠനങ്ങളും തെളിയിക്കുന്നത്. ഇത്തരത്തിൽ ജീവവായുവിന്റെയും

പ്രളയത്തിന്റെയും പ്രശ്നംകൊണ്ട് ഉൾനാടൻ ജലാശയങ്ങളിലും കടലിലുമുണ്ടാകുന്ന മാറ്റങ്ങൾ ശാസ്ത്രീയമായി പഠിച്ച് അതിന് പരിഹാരമുണ്ടാക്കാൻ വേണ്ടിയുള്ള എന്തെങ്കിലും നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, പ്രളയം വന്നതിനുശേഷം കേരള ഫിഷറീസ് യൂണിവേഴ്സിറ്റി (കുഫോസ്) ഒരു പഠനം നടത്തിയതിന്റെ റിസൾട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ ചർച്ച ഞങ്ങൾ നടത്തിയിരുന്നു. പ്രളയംമൂലമുണ്ടായ മാലിന്യം കായലിലേയ്ക്ക് നിക്ഷേപിക്കുന്നതും കാലാവസ്ഥാ വ്യതിയാനംമൂലവും കണ്ണൂർ, കാസർഗോഡ് മേഖലകളിൽ കല്ലുമ്മക്കായ കൃഷി ഈ വർഷം നടക്കുന്നില്ല. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി കല്ലുമ്മക്കായ കൃഷി അവിടെയുള്ള നൂറ് കണക്കിന് സ്ത്രീകളുടെ വരുമാനം പൂർണ്ണമായി നഷ്ടപ്പെടുന്ന സ്ഥിതിയാണ് ഈ വർഷമുണ്ടായിട്ടുള്ളത്. കല്ലുമ്മക്കായയുടെ കുഞ്ഞുങ്ങളെ കിട്ടാനില്ല. പ്രകൃതിയാൽ കിട്ടുന്ന കുഞ്ഞുങ്ങളെയാണ് കല്ലുമ്മക്കായ കൃഷിക്ക് മലബാർ മേഖലയിലെ കർഷകർ ഉപയോഗിച്ചിരുന്നത്. ഇപ്പോൾ അതിന് കഴിയാത്തൊരു സ്ഥിതി വന്നപ്പോൾ ഡിപ്പാർട്ടുമെന്റ് കല്ലുമ്മക്കായ കൃത്രിമമായി ഉൽപ്പാദിപ്പിക്കാൻ ഓരോ കോടി

ുപവീതം കപ്പാസിറ്റിയുള്ള രണ്ട് ഹാച്ചറികൾ കണ്ണൂരും തൃശ്ശൂരും ആരംഭിക്കാനുള്ള നടപടികൾക്ക് ഈ വർഷം തുടക്കം കുറിക്കാൻ പോകുകയാണ്. കാലാവസ്ഥാ വ്യതിയാനത്തിന് അനുസരിച്ചുള്ള പഠനം നടത്തുകയും അതിനെ അതിജീവിക്കാൻ എന്തെല്ലാം തരത്തിൽ ഇടപെടണമെന്ന് കൃത്യമായി പരിശോധന നടത്തി ഇടപെടുകയും ചെയ്യാൻ കഴിയുന്ന ഡിപ്പാർട്ടുമെന്റാണ് കേരളത്തിലെ ഫിഷറീസ് ഡിപ്പാർട്ടുമെന്റ്. അങ്ങനെ കല്ലുമ്മക്കായയുടെ കാര്യത്തിൽ ഞങ്ങളൊരു പരിഹാരത്തിലെത്തുന്നു. കായലിലെ മാലിന്യവും കുട്ടനാടൻ കൃഷിക്ക് ഉപയോഗിക്കുന്ന വളവും വേസ്റ്റും പ്ലാസ്റ്റിക്കുമെല്ലാംകൂടി മത്സ്യസമ്പത്തിന്റെ നിലനിൽപ്പിനെ മാരകമായി ബാധിക്കുകയാണ്. ഇത്തരം ഘട്ടത്തിൽ കുട്ടനാടെങ്കിലും കൃത്യമായി ജൈവകൃഷിയിലേയ്ക്ക് പോകേണ്ടതുണ്ട്. ഒന്ന്, അവിടത്തെ മാലിന്യം പൂർണ്ണമായി നീക്കം ചെയ്യണം. രണ്ട്, കൃത്യമായും ശാസ്ത്രീയമായും ബണ്ട് ഇടണം. വെള്ളം കയറ്റിയിറക്കാൻ പ്രോൽസാഹിപ്പിക്കുകയും അതുമായി ബന്ധപ്പെട്ട് ജൈവകൃഷിലേയ്ക്ക് പോകുകയും ചെയ്യണം. 'ഒരു മീനും ഒരു നെല്ലും' എന്നതാണ് ജൈവകൃഷിക്ക് ഏറ്റവും പ്രധാനപ്പെട്ടത്. കേരളത്തിൽ കർഷകത്തൊഴിലാളി, മത്സ്യത്തൊഴിലാളി എന്നുള്ള മനോഭാവം ഇനിയും

മാറിയിട്ടില്ല, അത് മാറാതെ കേരളത്തിന് ഒരു ഇഞ്ചും ഉൾനാടൻ മേഖലയിൽ മുന്നോട്ടുപോകാൻ കഴിയില്ല. വലിയ പശ്ചാത്തല സൗകര്യമാണ് നമുക്കുള്ളത്. ആന്ധ്ര കുളം കുഴിച്ച് ടൺ കണക്കിന് ഉൽപ്പാദിപ്പിച്ച് 8,000 കോടി രൂപയുടെ വിദേശനാണ്യം നേടി തരുമ്പോൾ, ഇവിടെ പത്താം സ്ഥാനമാണ് ഉൾനാടൻ മേഖലയിൽ. കേരളത്തിന്റെ മനോഭാവം മാറാതെ ഒരിഞ്ച് പോകാൻ സാധിക്കില്ല. കേരളം വലിയ പൊട്ടൻഷ്യലുള്ള സ്റ്റേറ്റാണ്. തൊഴിലവസരം കൊടുക്കാനും സാമ്പത്തിക ഉൽപ്പാദനത്തിനും മാലിന്യരഹിതമായ മത്സ്യം ഉറപ്പാക്കാനും നമ്മൾ കൂട്ടായി ശ്രമിച്ചാൽ മാത്രമേ കഴിയുകയുള്ളൂ. അത് ഫിഷറീസ് ഡിപ്പാർട്ടുമെന്റിനെകൊണ്ട് മാത്രം കഴിയുന്ന കാര്യമല്ല.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കടലിൽ മത്സ്യ ബന്ധനത്തിനുപോകുന്ന യാനങ്ങളുടെ ലൈസൻസും അതിന്റെ ഫീസും കഴിഞ്ഞ വർഷം വർദ്ധിപ്പിച്ചിരുന്നു, പിന്നീടത് കുറയ്ക്കുകയും ചെയ്തു. പക്ഷേ, 2019-ൽ ലൈസൻസ് ഫീസ് വർദ്ധിപ്പിച്ച തുകതന്നെയാണ് ഇപ്പോഴും പലയിടത്തും ഉദ്യോഗസ്ഥൻമാർ ഈടാക്കുന്നത്. അത് പരിഹരിക്കാനുള്ള എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അത് അറിയിച്ചിട്ടുണ്ട്. അതിന്റെ

ജി.ഒ. ഇറക്കിയിട്ടുണ്ട്. 2018-ൽ അവർക്ക് വരവുവച്ച് കൊടുത്ത് 2019-ൽ പുതിയത് അടയ്ക്കുമ്പോൾ 2018-ന്റെ ബാലൻസ് മതിയെന്ന് പറഞ്ഞ് ഉത്തരവായിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ അതിരൂക്ഷമായ കടൽക്ഷോഭമാണ് കുറെ നാളുകളായി ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഓരോ കടൽക്ഷോഭമുണ്ടാകുന്ന സമയത്തും നമ്മൾ സഭയിൽ പറയുകയും മീറ്റിംഗുകൾ കൂടുകയും ചെയ്യും. പക്ഷേ, ഈ ഗവൺമെന്റ് വന്നശേഷം ഒരു കല്ല് പോലും തീരപ്രദേശത്ത് ഇട്ടിട്ടില്ലായെന്നുള്ളതാണ് സത്യം. എന്റെയും പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെയും മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ കടൽക്ഷോഭമുണ്ടായത്. അതിൽ അങ്ങയുടെ മണ്ഡലവും ചെല്ലാനവും ഉൾപ്പെടും. പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുന്നതുകൊണ്ട് ഒരു കല്ലും ഇടരുതെന്നാണ് മന്ത്രി പറഞ്ഞത്. സംസ്ഥാനത്ത് തീരപ്രദേശങ്ങളായ ചെല്ലാനം, ഹരിപ്പാട്, അമ്പലപ്പുഴ, പൊന്നാനി എന്നീ മേഖലകളിലുണ്ടാകുന്ന അതിരൂക്ഷമായ കടൽക്ഷോഭം പരിഹരിക്കാൻവേണ്ടി കിഫ്ബി പണം അനുവദിച്ചു. ഒരു രൂപയുടെ വർക്കും നടന്നിട്ടില്ല. എന്നിട്ട് അപ്പുറത്ത് നിന്നു പറയുന്നു, എനിക്ക് 350 കോടി രൂപ അനുവദിച്ചെന്ന്. ആകെ 90 കോടി രൂപ

അനുവദിച്ചു. ഇതുവരെ ഒരു പ്രവർത്തനവും നടന്നിട്ടില്ല. ഓഫ് ഷോർ ബ്രേക്ക് വാട്ടർ സ്കീമിനെപ്പറ്റി നാല് വർഷമായി പറയുന്നത് കേട്ടുകൊണ്ടിരിക്കുകയാണ്. ജൂൺ, ജൂലൈ മാസം വരാൻ പോകുകയാണ്. അതുകൊണ്ട് തീരപ്രദേശങ്ങളെ സംരക്ഷിക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഈ കാലത്താണ് ഓഖിയും നൂറ്റാണ്ടുകണ്ട ഏറ്റവും വലിയ പ്രളയവുമുണ്ടായത്. നമ്മൾ അശാസ്ത്രീയമായി പാറ പൊട്ടിച്ചതുകൊണ്ടാണല്ലോ പ്രകൃതി നമ്മളെ കൈകാര്യം ചെയ്തത്. പ്രതിപക്ഷനേതാവിന് അത് അറിയാവുന്ന കാര്യമാണല്ലോ; മലയായ മലയെല്ലാം പൊട്ടിക്കാൻ എവിടെയാണ് പാരിസ്ഥിതികാനുമതി? ബിൽഡിംഗ് നിർമ്മാണ പ്രവർത്തനങ്ങൾക്കുപോലും പാറ കിട്ടാത്ത സ്ഥിതിയാണ്. നമ്മൾ മാറി ചിന്തിച്ചേ മതിയാകൂ. ലോകത്ത് നടത്തിയിട്ടുള്ള പുതിയ പരീക്ഷണങ്ങൾ നമ്മൾ നടപ്പിലാക്കണം. തമിഴ്നാടിലെ കടലൂരിൽ ഇത് പ്രയോഗത്തിൽ വരുത്തി. ഓഫ് ഷോർ ബ്രേക്ക് വാട്ടർ എന്നത് ഇന്നലെയെടുത്തൊരു കാര്യം തീരുമാനിച്ച് മറ്റന്നാൾ കൊണ്ടുവയ്ക്കുന്നതല്ല. അതിന് ശാസ്ത്രീയമായി പഠനം നടത്തണം. രണ്ട് വർഷംകൊണ്ടാണ് വേവ് സ്റ്റഡിംഗ്ഉം അതിന്റെ മറ്റുകാര്യങ്ങളെയുംക്കുറിച്ച്

പഠനം നടത്തിയത്. ശാസ്ത്രീമായ പഠനം നടത്തുമ്പോൾ സമയമെടുക്കും. തിരുവനന്തപുരം പൂന്തുറയിൽ ആഴമുള്ള കടലാണ് എന്നാൽ കടലൂരിൽ ചെയ്തിട്ടുള്ളത് ആഴം കുറഞ്ഞ കടലിലാണ്. ഇവിടെയുള്ള വേവ് സ്റ്റേംഗ്ത് എന്താണെന്ന് ശാസ്ത്രീയമായി പഠനം നടത്തി മാത്രമേ പ്രതിരോധത്തിന്റെ ജി.ഒ. ട്യൂബ് ആ അളവിൽ കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ ആ പഠനം പൂർത്തീകരിച്ച്, വർക്ക് ഞങ്ങൾ ടെണ്ടർ ചെയ്തു, ഇന്നലെ വർക്ക് അപ്രൂവ് ചെയ്തു. പ്രതിപക്ഷ നേതാവിന് ഈ സാമ്പത്തിക വർഷംതന്നെ ഓഫ് ഷോർ ബ്രേക്ക് വാട്ടർ ചെയ്ത് കാണിച്ചുതരാം. അത് വിജയിച്ചാൽ ശംഖുമുഖം വരെ പോകും. ചെല്ലാനത്തേയ്ക്കും അത് ചെയ്യും. കേരളത്തീരമാകെ പാറയിടുകയെന്ന സ്ഥിതി മാറി ജി.ഒ. ട്യൂബ് എന്ന ആത്യന്തികമായ സംരക്ഷണത്തിലേയ്ക്ക് പോകുകയാണ്. ആ മാറ്റത്തെ അങ്ങ് അംഗീകരിച്ച് പിൻതുണ നൽകുകയാണ് വേണ്ടത്. അതിനുപകരം ഈ നാട്ടിലെ അറിയാത്ത ആളുകളെ പോലെ വർത്തമാനം ദയവുചെയ്ത് പ്രതിപക്ഷ നേതാവ് പറയരുത്.

ശ്രീ. എസ്. ശർമ്മ: സർ, 1976-ലെ വനാവകാശ നിയമപ്രകാരം കാട് കാടിന്റെ മക്കളായ ആദിവാസികൾക്കാണ്. എന്നാൽ, തീരപ്രദേശത്ത് നമ്മൾ എത്ര പാക്കേജ് പ്രഖ്യാപിച്ചാലും പ്രയോഗത്തിലേയ്ക്ക് വരുമ്പോൾ

തീരപ്രദേശത്തെ ജനങ്ങൾ അതിന്റെ നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് വരുന്ന പ്രതിസന്ധികളും പ്രയാസങ്ങളും നേരിടും. ഇന്നലെ ഡിമാന്റ് ചർച്ചയിൽ വരുകയും മറുപടി പറയുകയും ചെയ്തു. വനാവകാശ നിയമത്തിൽ കാട് കാടിന്റെ മക്കൾക്ക് എന്നുപറയുന്നതുപോലെ കടലോരം മത്സ്യത്തൊഴിലാളികൾക്ക് നിയമപരമായി പരിരക്ഷ കിട്ടുന്നതിന് നിയമനിർമ്മാണം കൊണ്ടുവരുന്ന നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അക്വേറിയം പെർഫോർമൻസ് ആക്ട് ലാ ഡിപ്പാർട്ടുമെന്റ് അപ്രൂവ് ചെയ്തിട്ടുണ്ട്. നിയമസഭയിൽ സമയം കിട്ടിയാൽ അത് പാസ്സാക്കും. ആ നിയമ ഭേദഗതി കൊണ്ടുവരാൻ ഡിപ്പാർട്ടുമെന്റ് ആലോചിക്കുന്നുണ്ട്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഇവിടെ സഭയിൽ പറയുന്നതല്ല പ ുറത്ത് നടക്കുന്നത്, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മറ്റ് ജോലികൾ അന്വേഷിച്ച് പരക്കം പായുന്നുവെന്നാണ് ഇന്നും ഇന്നലെയും മെനഞ്ഞാന്നത്തെയും പത്ര റിപ്പോർട്ടുകളിൽ കാണുന്നത്. എന്റെ ചോദ്യം, കഴിഞ്ഞ നാല ുമാസം മുൻപ് മത്സ്യബന്ധന വിസയിൽ ഇറാനിലേയ്ക്ക ുപോയ 23 മത്സ്യത്തൊഴിലാളികൾ കൊറോണ ഭീതിയെത്തുടർന്ന് ഇറാനിൽ കുടുങ്ങിക്കിടക്കുകയാണ്. ചൈന

കഴിഞ്ഞാൽ കൊറോണ ബാധിച്ച് ഏറ്റവും അധികം ആളുകൾ മരിച്ച രാജ്യമാണ് ഇറാൻ. ഇവിടെയുള്ള വിമാന സർവ്വീസുകളെല്ലാം റദ്ദാക്കിയിരിക്കുകയാണ്. ഇവർക്ക് ഒരു മുറിയിൽനിന്ന് പുറത്തിറങ്ങാൻപോലും കഴിയാത്ത അവസ്ഥയിൽ ഭക്ഷണ ലഭ്യതപോലും കമ്മിയാണെന്നാണ് പറയുന്നത്. ഇവർ കുടുങ്ങിക്കിടക്കുകയാണെന്നാണ് റിപ്പോർട്ടുകളിൽനിന്നും മനസ്സിലാകുന്നത്. തീരദേശം കടുത്ത ആശങ്കയിലാകുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാരും കേരളത്തിൽ നിന്നുള്ള വിദേശകാര്യ സഹമന്ത്രിയുമൊക്കെ ചേർന്ന് ഇവരെ അടിയന്തരമായി നാട്ടിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനകം എന്തെല്ലാം കാര്യങ്ങളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, സബ്മിഷനിൽ ഞാൻ മറുപടി പറഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര വിദേശകാര്യമന്ത്രിക്ക് കത്തെഴുതിയിരുന്നു. ചീഫ് സെക്രട്ടറി നേരിട്ട് വിദേശ എംബസിയുമായി ബന്ധപ്പെട്ടിരുന്നു. നോർക്ക വഴി വളരെ കൃത്യമായി ഇടപെടുന്നുണ്ട്. ഗവൺമെന്റ് അതിനുവേണ്ടതെല്ലാം ചെയ്യുകയും തൊഴിലാളികൾ താമസിക്കുന്ന കേന്ദ്രങ്ങളിൽ ഭക്ഷണവും മറ്റുകാര്യങ്ങളും എത്തിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവരെ അടിയന്തരമായി

തിരിച്ചുകൊണ്ടുവരുകയെന്നത് ആ രാജ്യത്തിന്റെ നിയമവുമായി ബന്ധപ്പെട്ട് മാത്രമേ കഴിയുകയുള്ളൂ. നമ്മൾ തിരിച്ച് കൊണ്ടുവരാനാണ് വിദേശകാര്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിരിക്കുന്നത്. അവർ സമ്മതിച്ചാൽ മാത്രമേ നമുക്ക് തിരികെ കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. എന്നാൽ ചെയ്യാവുന്ന എല്ലാ കാര്യങ്ങളും കേരള ഗവൺമെന്റ് ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ദാസൻ: സർ, മത്സ്യബന്ധനത്തിടെ കടലിൽ കാണാതായ ധാരാളം തൊഴിലാളികളുണ്ട്. ആ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതിന് ഇന്ന് തടസ്സം നിലനിൽക്കുന്നുണ്ട്. കാലപരിധി സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും നിബന്ധനകളുണ്ടോ? ഇത്ര കൊല്ലം കഴിഞ്ഞാൽ, അല്ലെങ്കിൽ ഏഴ കൊല്ലം പത്തു കൊല്ലം; എന്നാൽ മാത്രമേ ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയൂ എന്നുള്ള എന്തെങ്കിലും നിബന്ധനയുണ്ടോ; അതൊന്ന് വ്യക്തമാക്കാമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇത്ര വർഷം എന്ന് ഇൻഷ്വറൻസിൽ നിയമമില്ല. ഇൻഷ്വർ ചെയ്തിരിക്കണമെന്നതു മാത്രമാണ്. ഇപ്പോൾ ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മുഴുവൻ തൊഴിലാളികളെയും ഗവൺമെന്റാണ് ഇൻഷ്വർ ചെയ്യുന്നത്, അപ്പോൾ ഒരാളെയും വിട്ടുപോകുന്നില്ല. പക്ഷേ

മത്സ്യഫെഡിന് ഒരു ഇൻഷ്വറൻസുണ്ട്. ആ ഇൻഷ്വറൻസ് പ്രീമിയം തൊഴിലാളിയാണ് അടയ്ക്കേണ്ടത്. 'തൊഴിലാളി പ്രീമിയം' മത്സ്യഫെഡിൽ അടയ്ക്കുന്നവർക്കു മാത്രമേ ആ ഇൻഷ്വറൻസ് കിട്ടൂ. ഗവൺമെന്റിന്റേയും മത്സ്യഫെഡിന്റേയും പ്രീമിയം അടച്ചിട്ടുണ്ടെങ്കിൽ മരിച്ചുപോകുന്ന തൊഴിലാളിയുടെ കുടുംബത്തിന് 20 ലക്ഷം രൂപയാണ് കിട്ടുന്നത്. ഗവൺമെന്റിന്റെ പ്രീമിയം ഗവൺമെന്റ് തന്നെയാണ് അടയ്ക്കുന്നത് എന്നുള്ളതുകൊണ്ട് എല്ലാവർക്കും കിട്ടും. മത്സ്യഫെഡിൽ അവർ പ്രീമിയം അടയ്ക്കാത്തതുകൊണ്ടാണ് കിട്ടാത്തത്. അതിന്റെ കാലപരിധിയുടെ പ്രശ്നമല്ല. എന്നാൽ ഇൻഷ്വറൻസ് കമ്പനികളിൽ ചിലത് വളരെയധികം തടസ്സവാദങ്ങൾ ഉന്നയിക്കുന്നുണ്ട്. അത് ഗവൺമെന്റ് പ്രത്യേകമായി അദാലത്തൊക്കെ സംഘടിപ്പിച്ച് ആ പ്രശ്നം പരിഹരിക്കാനിടപെടുകയാണ്. ഇക്കാര്യത്തിൽ കാലപരിധിയില്ല.

ശ്രീ. വി. ജോയി: സർ, നമ്മുടെ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് പറയുമ്പോൾ പരമ്പരാഗത മേഖലയിലെ വളരെ പാവങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ കാര്യമാണ് ഏറ്റവും പ്രധാനം. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ധാരാളം സഹായങ്ങൾ ഈ ഗവൺമെന്റ് വന്നതിനുശേഷം

ചെയ്യുന്നുണ്ട്. അതിന് ബഹുമാനപ്പെട്ട മന്ത്രിയേയും ഡിപ്പാർട്ട്മെന്റിനേയും അഭിനന്ദിക്കുകയാണ്. ഇൻഷ്വറൻസിനെ സംബന്ധിച്ച് പറഞ്ഞു; മത്സ്യബന്ധന ഉപകരണങ്ങൾക്ക് സൗജന്യമായി ഇൻഷ്വറൻസ് ഏർപ്പെടുത്താൻ സാധിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഈ ഗവൺമെന്റാണ് ആദ്യമായി മത്സ്യബന്ധന ഉപകരണങ്ങൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തിയത്. അതിൽ പരമ്പരാഗത തൊഴിലാളികൾക്ക് 90 ശതമാനവും ഗവൺമെന്റാണ് പ്രീമിയം അടയ്ക്കുന്നത്. ബോട്ടുടമകൾക്ക് 50% പ്രീമിയം ഗവൺമെന്റ് അടയ്ക്കാമെന്ന് അറിയിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികൾ ആയിരത്തിലേറെ യാനങ്ങൾ കഴിഞ്ഞ വർഷം ഇൻഷ്വർ ചെയ്തിട്ടുണ്ട്. നമ്മുടെ ഇൻഷ്വറൻസ് 90% സൗജന്യമാക്കിയിട്ടും എല്ലാവരും ഇൻഷ്വറൻസിലേക്ക് വന്നിട്ടില്ലെന്ന പ്രശ്നമുണ്ട്. ഈ സാമ്പത്തിക വർഷം 3 കോടി രൂപ ബഡ്ജറ്റിൽ വച്ചിട്ടുണ്ട്. യാനങ്ങളെ ഇൻഷ്വർ ചെയ്യുന്നത് അവർക്ക് വളരെ സഹായകമായിരിക്കും .

## പട്ടയം അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ

2(*92) ശ്രീ. പി. വി. അൻവർ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. ബാബു:
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പട്ടയ വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ; ലാൻഡ് ട്രൈബ്യൂണലുകളിൽ കേസുകൾ തീർപ്പാക്കുന്നതിന് ഏറെ കാലതാമസമുണ്ടാകുന്നത് പരിഹരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ആരാധനാലയങ്ങൾ കൈവശം വച്ചിരിക്കുന്ന ഭൂമി പതിച്ച് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; അതിനുള്ള വ്യവസ്ഥകൾ അറിയിക്കാമോ;

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):സർ,

(എ & ബി) ഉപാധിരഹിത പട്ടയമെന്ന ദീർഘകാല ആവശ്യത്തിന്

അംഗീകാരം നൽകി. 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ ഭേദഗതി ചെയ്തു.

1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി കൈവശത്തിലുള്ള ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുണ്ടായിരുന്ന വരുമാന പരിധി ഒഴിവാക്കി. കൈവശത്തിലില്ലാത്ത ഭൂമി പതിച്ചു കിട്ടുന്ന സംഗതിയിൽ കൈമാറ്റത്തിനുള്ള കാലപരിധി 25 വർഷത്തിൽ നിന്നും 12 വർഷമാക്കി കുറവു ചെയ്തു. കൈവശഭൂമിയും കൈവശമില്ലാത്ത ഭൂമിയും പതിച്ചു നൽകുന്നതിന് പ്രത്യേക ഫോറങ്ങളാക്കി. കൈവശ ഭൂമി പതിച്ചു കിട്ടുന്ന സംഗതിയിൽ എപ്പോൾ വേണമെങ്കിലും കൈമാറ്റം ചെയ്യാവുന്നതാണെന്ന് കൂടി തീരുമാനിച്ചു.

കൈവശമായിരുന്ന ഭൂമി പതിച്ചു കിട്ടിയാലും കൈവശമില്ലാത്ത ഭൂമി പതിച്ചു കിട്ടിയാലും അത് എല്ലാത്തരം ബാങ്കുകളിലും ഈടുവച്ച് ലോൺ എടുക്കുന്നതിനും മറ്റും ഉതകുന്ന തരത്തിൽ ചട്ടങ്ങൾ ഭേദഗതി ചെയ്തു.

1964-ലെ ചട്ടങ്ങൾ പ്രകാരം നൽകിയ പട്ടയഭൂമിയിൽ കൃഷിക്കാർ വച്ചുപിടിപ്പിക്കുന്ന ചന്ദനം ഒഴികെയുള്ള മരങ്ങളുടെ അവകാശം കൃഷിക്കാർക്കുതന്നെ ലഭിക്കുന്ന തരത്തിൽ ചട്ടങ്ങൾ ഭേദഗതി ചെയ്തു.

പട്ടയങ്ങൾ പല രീതിയിലുള്ളതാണ്. കേരളത്തിലെ ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാനായി ശേഷിച്ച കേസുകൾ

സമയബന്ധിതമായി തീർപ്പാക്കാൻ നിരവധിയായ നടപടികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വീകരിച്ചിട്ടുണ്ട്. അപ്രകാരം നടപടി സ്വീകരിച്ചതുവഴി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇനി തീർപ്പാക്കാനുള്ള കേസുകൾ 500-ൽ താഴെയാക്കാൻ കഴിഞ്ഞു. ഈ സാഹചര്യത്തിൽ ഈ ജില്ലകളിലുണ്ടായിരുന്ന കേസുകൾ അതാത് ജില്ലകളിലെ മുഴുവൻ താലൂക്ക് തഹസിൽദാർമാർക്കും എൽ.റ്റി.യുടെ ചുമതല നൽകി വീതിച്ച് നൽകിക്കൊണ്ട് പ്രസ്തുത ജില്ലകളിലുണ്ടായിരുന്ന ലാൻഡ് ട്രൈബ്യൂണൽ ജീവനക്കാരുടെ തസ്തിക പുനർവിന്യാസം ചെയ്ത്, വടക്കൻ ജില്ലകളിൽ 6 പുതിയ ട്രൈബ്യൂണലുകൾ ആരംഭിച്ചു. അട്ടപ്പാടി മേഖലയിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാൻ അട്ടപ്പാടി എൽ.എ. സ്പെഷ്യൽ തഹസിൽദാർക്ക് എൽ.റ്റി.യുടെ ചുമതല നൽകുകയുണ്ടായി. എൽ.റ്റി.യിലേക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറുടെ കുറവ് പരിഹരിക്കാൻ എല്ലാ വില്ലേജ് ഓഫീസർമാരെയും റിപ്പോർട്ടിംഗ് ഓഫീസർമാരായി അധികാരപ്പെടുത്തി വിജ്ഞാപനം ചെയ്യുകയുണ്ടായി. 1976-ലെ കാണം കുടിയായ്മ നിർത്തലാക്കൽ നിയമം പ്രാബല്യത്തിലുള്ള പ്രദേശങ്ങളിൽ കാണം കുടിയാന്മാർക്ക് എൽ.റ്റിയിൽ നിന്ന് പ്രത്യേകം പട്ടയം വാങ്ങേണ്ടതില്ലായെന്ന്

സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതുവഴി 32000 കാണകുടിയാന്മാരുടെ പട്ടയ പ്രശ്നം പരിഹരിച്ചു. കേസുകൾ കൂടുതലുള്ള വടക്കൻ ജില്ലകളിൽ 15 സ്പെഷ്യൽ തഹസിൽദാർമാർക്ക് എൽ.റ്റി.യുടെ അധിക ചുമതല നൽകുകയുണ്ടായി. ജീവനക്കാർക്ക് പരിശീലനങ്ങളും കേസ് തീർപ്പാക്കൽ പുരോഗതി വിലയിരുത്തൽ യോഗങ്ങളും നടത്തിവരുന്നു. പഴയ രേഖകളും പട്ടയങ്ങളും എളുപ്പത്തിൽ ആവശ്യക്കാർക്ക് ലഭിക്കുന്നതിനായി എൽ.റ്റി.യിലെ കേസ് റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. ഈ നടപടികളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ 27-02-2020 വരെ 137285 കേസുകൾ തീർപ്പാക്കുകയും ആയതിൽ നിയമാനുസൃതം അർഹതയുള്ള 68169 ആളുകൾക്ക് ലാന്റ് ട്രൈബ്യൂണലുകളിൽ നിന്നും ക്രയസർട്ടിഫിക്കറ്റ് (പട്ടയം) നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ 01-01-1977-ന മുമ്പ് വനഭൂമി കയ്യേറി കൈവശം വച്ച് വരുന്നവർക്ക് ആയത് പതിച്ചു കൊടുക്കുന്നതിനുവേണ്ടി വനം റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തി കേന്ദ്ര അനുമതിക്കായി വിശദാംശങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിനായി നടപടിക്രമവും സമയക്രമവും നിശ്ചയിക്കുകയും

ആയതു അനുസരിച്ച് സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്തു. വിശദാംശങ്ങൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചുകഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായാൽ ബാക്കിയുള്ള പട്ടയ നടപടികൾ സ്വീകരിക്കാൻ കഴിയും.

കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ള ഭൂമിക്കു നിലവിൽ സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമല്ലാത്ത കേസുകളിൽ 1993-ലെ പ്രത്യേക ഭൂമി പതിവ് (01-01-1977-നു മുമ്പ് വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) ചട്ടങ്ങൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചു അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിന് അനുമതി നൽകി 22-06-2019-ലെ GO(Rt)No.189/2019/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

01-01-1977-നു മുമ്പ് വനഭൂമി കൈവശം വച്ചിരിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ആർ.ഒ.ആർ. നൽകുന്ന നടപടി അവസാനിപ്പിച്ച് അപ്രകാരം ഭൂമി കൈവശം വച്ചിരിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് പട്ടയം തന്നെ നൽകുന്നതിനു ജി.ഒ(ആർ.റ്റി) നം.2023/2017/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു, അത് നടപ്പിലാക്കുകയും ചെയ്തു.

പട്ടയ വിതരണത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടിക്രമങ്ങൾ സുതാര്യമാക്കി പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ

ഉൾപ്പെടുത്തിക്കൊണ്ട് നമ്പർ 63/യൂ3/2018/റവന്യൂ തീയതി 05-11-2018 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചു. ഇതിനുപുറമേ മിച്ചഭൂമി പട്ടയങ്ങൾ നൽകുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ നൽകി മിച്ചഭൂമി പട്ടയങ്ങളും വിതരണം ചെയ്തു.

(സി) ആരാധനാലയങ്ങളും ശ്മശാനങ്ങളും കൈവശം വച്ചിരിക്കുന്നതും മതിയായ രേഖകൾ ഇല്ലാത്തതുമായ ഭൂമിയിൽ ഓരോന്നിന്റെയും ആവശ്യം നിറവേറ്റുന്നതിന് വേണ്ടുന്ന ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമി, വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന ഭൂമിയുണ്ടെങ്കിൽ, ആയത് ഒഴിവാക്കി പരമാവധി ഒരേക്കർ ഭൂമി നിബന്ധനകൾക്ക് വിധേയമായി പതിച്ചു നൽകുന്നതിന് 29-01-2020 ലെ സ.ഉ (കൈ) നം. 40/2020/റവ നമ്പറായി ഉത്തരവായിട്ടുണ്ട്. അതിൽ ചില വ്യവസ്ഥകളുണ്ട്; ആയത് ചുവടെ ചേർക്കുന്നു.

(i) പ്രസ്തുത ആരാധനാലയങ്ങളും ശ്മശാനങ്ങളും ഇപ്പോഴും നിലവിലുള്ളതായിരിക്കേണ്ടതാണ്.

(ii) കൃത്യമായ വരവു ചെലവു കണക്കുകൾ സൂക്ഷിച്ചിട്ടുള്ളവയായിരിക്കണം.

(iii) പതിച്ചു നൽകാവുന്ന പരമാവധി ഭൂമി ഒരേക്കർ ആയിരിക്കും.

(a) പ്രസ്തുത ഭൂമി ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പ് മുതൽ കൈവശം വച്ച് വരുന്നതാണെന്ന് തെളിയിക്കുന്നതിന് ഉതകുന്ന രേഖകൾ ഹാജരാക്കുന്ന പക്ഷം നിലവിലെ ഫെയർ വാല്യൂവിന്റെ 10% ഈടാക്കി പതിച്ച് നൽകാവുന്നതാണ്.

(b) പ്രസ്തുത ഭൂമി ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതിനു ശേഷവും കേരളപ്പിറവിക്ക് മുമ്പും ഉള്ള കൈവശ ഭൂമിയാണെന്ന് തെളിയിക്കുന്നതിനുതകുന്ന രേഖകൾ ഹാജരാക്കുന്ന പക്ഷം ഫെയർ വാല്യ്ുവിന്റെ 25% ഈടാക്കി പതിച്ചു നൽകാവുന്നതാണ്.

(c) പ്രസ്തുത ഭൂമി കേരളപ്പിറവിക്ക് ശേഷവും 1990 ജനുവരി 1 ന് മുമ്പും കൈവശം വച്ച് വരുന്ന ഭൂമിയാണെന്ന് തെളിയിക്കുന്നതിന് ഉതകുന്ന രേഖകൾ ഹാജരാക്കുകയാണെങ്കിൽ ഫെയർ വാല്യൂ ഈടാക്കി പതിച്ചു നൽകുന്നതാണ്.

(d) പ്രസ്തുത ഭൂമി 1990 ജനുവരി 2-ാം തീയതിക്കു ശേഷവും 25-08-2008-ന് മുമ്പും കൈവശം വച്ചു വരുന്നു എന്ന് തെളിയിക്കാനുതകുന്ന രേഖകൾ ഹാജരാക്കുകയാണെങ്കിൽ കമ്പോളവില ഈടാക്കി പതിച്ചു നൽകാവുന്നതാണ്.

ശ്രീ. പി. വി. അൻവർ ചുമതലപ്പെടുത്തിയതു പ്രകാരം

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, ഇടുക്കി ജില്ലയിലെ പട്ടയ പ്രശ്നങ്ങളിലുള്ള

സങ്കീർണ്ണതകൾ മനസ്സിലാക്കിക്കൊണ്ട് ഇടതുപക്ഷ ഗവൺമെന്റാണ് 22 വർഷങ്ങൾക്കു ശേഷം ആ പ്രദേശത്തെ ജനങ്ങളുടെ മുറവിളിയിൽ നടപടി സ്വീകരിച്ചത്. ഈ ഗവൺമെന്റിന് നേതൃത്വം നൽകുന്ന ബഹുമാന്യനായ മുഖ്യമന്ത്രി പിണറായി വിജയൻ, റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ, പദ്ധതി പ്രദേശത്ത് പട്ടയം നൽകുവാൻ മുൻകയ്യെടുത്തിട്ടുള്ള ശ്രീ. എം. എം. മണി ഉൾപ്പെടെയുള്ളവരെ അനുമോദിക്കാൻ അവസരമുണ്ടെങ്കിൽ ചിലർ കോടതിയിൽ പോകുമെന്നു തോന്നുന്നു. അതുകൊണ്ട് ഞാൻ വിപ്ലവ അഭിവാദ്യങ്ങൾ നേരുകയാണ്. ഇടുക്കി ജില്ലയ്ക്ക് ഈ ഗവൺമെന്റ് വന്നതിനു ശേഷം ........

മി. സ്പീക്കർ: ചോദ്യം ചോദിച്ചോളൂ.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ചോദ്യത്തിലേയ്ക്ക് വരികയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ അതിൽ കുറച്ച് ബാക്കിയുണ്ട്. കല്ലാർകുട്ടി ഡാം, ചിന്നക്കനാൽ, വട്ടവട, മാങ്കുളം, ദേവികുളം കെ.ഡി.എച്ച്. തുടങ്ങിയിട്ടുള്ള പ്രദേശങ്ങളിൽ ഇത്തരത്തിലുള്ള പട്ടയങ്ങളുടെ നടപടിക്രമങ്ങളിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് അടിയന്തരമായി ഇടപെടുകയും ഉദ്യോഗസ്ഥന്മാരുടെ യോഗം ചേരുകയും നടപടിക്രമങ്ങൾ

സ്വീകരിച്ച് പട്ടയം നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച വിഷയത്തിൽ ഇടുക്കി ജില്ലയിലെ, പ്രത്യേകിച്ച് ഇത്തരം ചില പദ്ധതി പ്രദേശങ്ങളിലുള്ള ഭൂമിയുടെ വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കഴിഞ്ഞ കാലത്ത് നടത്തിയിട്ടുള്ള ചർച്ചയുടെ അടിസ്ഥാനത്തിലും, പ്രത്യേകിച്ച് വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട പദ്ധതി പ്രദേശങ്ങളിലുള്ള ഭൂമി അനുവദിച്ചു കൊടുക്കുന്നതിനും നിയമപരമായി പട്ടയം നൽകുന്നതിനും തടസ്സമില്ലെന്ന വിവരം റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ആയതിന്റെയടിസ്ഥാനത്തിൽ ഈ കാര്യങ്ങളിൽ ആവശ്യമായ തീരുമാനമെടുക്കുന്നതിന് ആ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, നിലവിൽ നൽകിയിട്ടുള്ള പട്ടയങ്ങളാണെങ്കിലും അല്ലെങ്കിൽ പട്ടയം നൽകാനുള്ള പ്രദേശത്തായാലും കോടതിയിൽ നിന്നും വന്നിട്ടുള്ള നിർദ്ദേശങ്ങളോ ഇടക്കാല ഉത്തരവുകളോ ഉണ്ട്. ഗവൺമെന്റ് ആ ഉത്തരവ് വരുന്നതുവരെ കാത്തിരിക്കുന്ന സാഹചര്യം

നിലവിലുണ്ട്. ഇടുക്കിയിലെ പല മേഖലകളും അങ്ങനെ ചില പ്രയാസങ്ങൾ അനുഭവിക്കുന്ന പ്രദേശങ്ങളാണ്. അത് ഒഴിവാക്കുന്നതിനുവേണ്ടി 17-12-2019-ന് സർവ്വകക്ഷി യോഗം, ഇവിടെ നടന്ന അടിയന്തര പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. അത്തരത്തിൽ യോഗം ചേർന്നെങ്കിലും വ്യക്തതയോടെയുള്ള നിലപാടുകൾ സ്വീകരിക്കുന്നതിന് കാലതാമസം നേരിടുകയാണ്. എത്രയും വേഗം ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് ശക്തമായി ഇടപെടുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, 17-12-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷിയോഗ തീരുമാനമനുസരിച്ച്, പൊതുവിൽ അതുമായി ബന്ധപ്പെട്ട് അവിടെ ഉയർന്നുവന്ന അഭിപ്രായങ്ങളെല്ലാം ക്രോഡീകരിച്ചുകൊണ്ട്, നിലവിൽ കോടതിയിൽ നിലനിലനിൽക്കുന്ന കേസുകളുടെയും ഗ്രീൻ ട്രൈബ്യൂണലിൽ നിലനിൽക്കുന്ന കേസിന്റെയും വിശദമായ വിവരങ്ങളുമായി ബന്ധപ്പെട്ട് നിയമപരമായ കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിർദ്ദേശിക്കുന്നുണ്ട്. അതോടൊപ്പംതന്നെ എ.ജി. ഉൾപ്പെടെയുള്ള

നിയമപണ്ഡിതന്മാരുടെ അഭിപ്രായങ്ങൾക്കൂടി സ്വീകരിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഞങ്ങളുടെ ജില്ലയിൽ ഭൂദാനം കോളനികളിൽ താമസിക്കുന്നവരുണ്ട്. ഭൂദാനം പത്രിക പ്രകാരമാണ് അവർ താമസിക്കുന്നത്. അവർക്ക് ഇതുവരെയും പട്ടയം ലഭിച്ചിട്ടില്ല. മറ്റ് മിച്ചഭൂമി ലഭിച്ച് 12 വർഷം കഴിഞ്ഞാൽ ട്രാൻസാക്ഷൻ നടത്താം. എന്നാൽ ഇവർക്ക് അതിനുമുള്ള അവകാശവുമില്ല. ഭൂദാനം കോളനികളിൽ താമസിക്കുന്നവർക്ക് അടിയന്തരമായി പട്ടയം നൽകണം. ഈടുവച്ച് ലോണെടുക്കാൻ പതിച്ചു നൽകിയ ഭൂമിയിൽ അവകാശമുണ്ട്. പക്ഷെ ഇവർക്ക് അത്തരമൊരു അവകാശവും ഇപ്പോൾ ബാങ്കുകൾ അനുവദിക്കുന്നില്ല. ഈ സാഹചര്യത്തിൽ എനിക്ക് ചോദിക്കാനുള്ളത്, ഭൂദാനം കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകാൻ സർക്കാർ തയ്യാറാകുമോ; കേരളത്തിൽ മിച്ചഭൂമി കിട്ടിയിട്ടും അത് അളന്നുകൊടുക്കാത്ത ഒരുപാട് പ്രശ്നങ്ങളുണ്ട്. ഇതെല്ലാം സമയബന്ധിതമായി പരിഹരിക്കാൻ സത്വര സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചോദിച്ചത്

രണ്ട് കാര്യങ്ങളാണ്. ഭൂദാനം കോളനിയുമായി ബന്ധപ്പെട്ട വിഷയത്തിൽ നിലവിലിരിക്കുന്ന അവരുടെ അപേക്ഷകളുടെ സ്വഭാവം എന്തെന്നും, അവർ അപേക്ഷിച്ചിട്ടുണ്ടോ, പട്ടയത്തിന് അപേക്ഷിച്ചത് പരിശോധിച്ചിട്ടുണ്ടോ തുടങ്ങിയ വിശദാംശങ്ങൾ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. തീർച്ചയായും അക്കാര്യങ്ങളിൽ ആവശ്യമായ നിർദ്ദേശം നൽകുന്നതും പരിശോധിച്ച് ആവശ്യമായ നടപടികളുമായി മുന്നോട്ട് പോകുന്നതുമാണ്. അതോടൊപ്പംതന്നെ അദ്ദേഹം ചൂണ്ടിക്കാണിച്ച മിച്ചഭൂമി വിതരണത്തിലെ ചില പോരായ്മകൾ, മിച്ചഭൂമിയുടെ പട്ടയം ലഭിക്കുകയും ഭൂമി ലഭിക്കാതിരിക്കുകയും ചെയ്ത കേസുകളുണ്ട്. ചിലയിടങ്ങളിൽ ഭൂമി ലഭിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ രേഖകൾ കൈവശമില്ലാത്ത വിഷയങ്ങളുണ്ട്. ഇത്തരം വിഷയങ്ങൾ ഓരോന്നും മുന്നോട്ട് കൊണ്ടുവരുന്ന ക്രമത്തിനനുസരിച്ച് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. ബാബു</u>: സർ, പട്ടയത്തിന് അപേക്ഷ നൽകി യഥാസമയം ലഭിക്കാത്തതുകൊണ്ട് പാവപ്പെട്ടവർക്കുണ്ടാകുന്ന വിഷമതകൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. അതിന്റെ തെളിവ് തന്നെയാണ്

നാല് വർഷംകൊണ്ട് 1,14,004 പേർക്ക് പട്ടയം നൽകാൻ കഴിഞ്ഞത്. വേണമെങ്കിൽ മൂന്ന് ഹിയറിംഗ് നടത്തി ആറ് മാസംകൊണ്ട് ലാന്റ് ട്രൈബ്യൂണലിൽ നിന്നുള്ള പട്ടയം നൽകാവുന്നതാണ്. അതുപോലെ മാസാമാസം ചേരുന്ന അസൈൻമെന്റ് കമ്മിറ്റിക്കും നിയമാനുസൃതമായി ഹിയറിംഗ് നടത്തി രണ്ടോ മൂന്നോ മാസംകൊണ്ട് പട്ടയം നൽകാം. പട്ടയത്തിന് അപേക്ഷ നൽകിയവർക്ക് ഹിയറിംഗിന് ഹാജരാകാൻ അയയ്ക്കുന്ന പോസ്റ്റൽ കാർഡിൽ തീയതി മാറ്റിമാറ്റി എഴുതുന്നതുകൊണ്ട് വർഷങ്ങൾ നടന്നാലും പട്ടയം ലഭിക്കാത്തതിന് ഒരു ചെറിയ മാറ്റം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. എന്നാലും ആയിരക്കണക്കിന് അപേക്ഷകളാണ് ഇപ്പോഴും കെട്ടിക്കിടക്കുന്നത്. സ്ഥിരതാമസമാണെങ്കിലും ഭൂമിക്ക് സ്വന്തമായി രേഖയില്ലാത്തതുകൊണ്ട് സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ ലഭിക്കാനും ബാങ്കുകളിൽ രേഖവച്ച് വായ്പയെടുക്കാനും കഴിയാത്ത നിരവധി പാവങ്ങൾ ഇന്ന് കേരളത്തിലുണ്ട്. എന്റെ ചോദ്യം, നമ്മുടെ സർക്കാർ ഓഫീസുകൾ ഉൾപ്പെടെ ഹൈടെക്കായ കാലഘട്ടത്തിൽ അപേക്ഷ നൽകുന്ന പാവപ്പെട്ടവർക്ക് കാലതാമസം കൂടാതെ പട്ടയമോ കൈവശരേഖയോ ലഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഞാൻ ഈ ചോദ്യത്തിന്റെ ഉത്തരം പറയുന്ന ഘട്ടത്തിൽത്തന്നെ സൂചിപ്പിച്ച ഒരു കാര്യം, പട്ടയം എന്നത് വിവിധ വകുപ്പുകൾ അനുസരിച്ച് നൽകേണ്ടതാണ്. 1964-ലെ നിയമപ്രകാരം പട്ടയം നൽകാം, മിച്ചഭൂമിയുടെ പട്ടയം കൊടുക്കാം, ലാന്റ് ട്രൈബ്യൂണലുകളുടെ പട്ടയം കൊടുക്കാം, ദേവസ്വം ട്രൈബ്യൂണലുകളുടെ വിധിയനുസരിച്ച് പട്ടയം കൊടുക്കാം. ബഹുമാന്യനായ എം.എൽ.എ. ചൂണ്ടിക്കാണിച്ചത് ട്രൈബ്യൂണലുകളുമായി ബന്ധപ്പെട്ട കേസുകളായിരിക്കാനാണ് സാധ്യതയെന്നാണ് എനിക്ക് തോന്നുന്നത്. മാറിമാറി തീയതി വയ്ക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ഞാൻ അങ്ങനെ കരുതുകയാണ്. ഏതായാലും ട്രൈബ്യൂണലിൽ കാലതാമസമുണ്ടാകുന്നുവെന്ന വസ്തുത ശരിയായിരുന്നു. ദീർഘകാലമായി കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം ഞാനിവിടെ ചൂണ്ടിക്കാണിച്ചല്ലോ, 113000-ൽപ്പരം കേസുകൾ കേട്ട് 68000-ൽപ്പരം ആളുകൾക്കാണ് പട്ടയം കൊടുക്കാൻ കഴിഞ്ഞതെന്ന് പറയുകയുണ്ടായി. പലപ്പോഴും ഇത് കാലതാമസമുണ്ടാക്കിക്കൊണ്ടിരിക്കുന്നു എന്നുപറയുന്നതിൽ വസ്തുതയുണ്ടായിരുന്നു. അത് വളരെ എളുപ്പത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി പൊതുവായ നിർദ്ദേശങ്ങൾ ലാന്റ് ബോർഡുമായി ബന്ധപ്പെട്ട് ലാന്റ്

ട്രൈബ്യൂണലുകൾക്ക് നൽകിയിരിക്കുകയാണ്. ഒരു കേസ് ഒന്നോ രണ്ടോ തവണയിൽ കൂടുതൽ കേൾക്കുന്നതിനും ഒരുപാട് കാലത്തേയ്ക്ക് നീട്ടിവയ്ക്കുന്നതിനും ഇടവരുത്താത്ത വിധം പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന പൊതുനിർദ്ദേശം ഈ ട്രൈബ്യൂണലുകൾക്ക് ലാന്റ് ബോർഡ് വഴി നൽകിയിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ കുറേക്കൂടി വേഗതയിൽ കാര്യങ്ങൾ നടക്കുന്നുണ്ട്. അതുപോലെ തന്നെ റവന്യൂ ഇൻസ്പെക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സുവോമോട്ടോ കേസ് എടുത്തുകൊണ്ടാണ് പലപ്പോഴും നടപടി സ്വീകരിച്ചുവന്നിരുന്നത്. അതിന് പകരമായി വില്ലേജ് ഓഫീസർമാർ ഉൾപ്പെടെയുള്ളവർക്ക് അത് റിപ്പോർട്ട് ചെയ്യുന്നതിനുള്ള അധികാരം നൽകുകയും അതിലൂടെ കുറേക്കൂടി വേഗതയിൽ കാര്യങ്ങൾ നടത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തീർച്ചയായും എത്രയും പെട്ടെന്ന് ട്രൈബ്യൂണലുകളിൽ ഇത്തരം കേസുകൾ തീർപ്പാക്കുന്നതിനുള്ള നടപടി തുടരുന്നതിന് ലാന്റ് ബോർഡ്വഴി ആവശ്യമായ നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ

വന്നതിനുശേഷം കൈവശക്കാർക്ക് രേഖ കൊടുക്കുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ പ്രശംസനീയമാണ്. അതിന്റെ ഭാഗമായി വയനാട് ജില്ലയിൽ രണ്ട് തവണ ബഹുമാനപ്പെട്ട മന്ത്രിമാർതന്നെ വന്ന് ഭൂമിക്ക് രേഖ കൊടുക്കുകയുണ്ടായി. എനിക്കിവിടെ ചോദിക്കാനുള്ളത്, എന്റെ മണ്ഡലമായ മാനന്തവാടി താലൂക്കിൽ മാനന്തവാടി, കാഞ്ഞിരങ്ങാട്, തിരുനെല്ലി, പനമരം തുടങ്ങിയ വില്ലേജുകളിൽ ഇനിയും ഒട്ടനവധി ആൾക്കാർക്ക് രേഖ ലഭിക്കാനുണ്ട്. അതിന്റെ സർവ്വേ നടപടികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. അത്തരം കാര്യങ്ങൾ വേഗത്തിലാക്കി രേഖ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, തീർച്ചയായും ഈ പറയുന്ന പ്രത്യേകമായ കേസ് സംബന്ധിച്ച് പരിശോധിച്ച് എന്താണ് അതിന്റെ കാലതാമസമെന്നുള്ളത് പരിശോധിക്കാം. എത്രയും പെട്ടെന്ന് അതിന് പരിഹാരമുണ്ടാക്കാനുള്ള ശ്രമം നടത്തുന്നതാണ്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഈയടുത്ത കാലത്ത് ബഹുമാനപ്പെട്ട ഹൈക്കോടതി, പട്ടയം കിട്ടിയ ഭൂമി വീട് വയ്ക്കുന്നതിനും കൃഷിക്കും മാത്രമേ

ഉപയോഗിക്കാവൂ എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപോലെ എൽ.എസ്.ജി.ഡി.-യുടെ ഒരു ഉത്തരവുണ്ട്. ഈ ഉത്തരവ് വന്നപ്പോൾ സംസ്ഥാനത്തെ എല്ലാ പട്ടയങ്ങളും ആ നിലയിലാക്കണമെന്നും ഒരു സ്ഥലത്ത് മാത്രമായി അത് ചുരുക്കാൻ പാടില്ലെന്നും ഇക്കാര്യത്തിൽ മൂന്നാഴ്ചയ്ക്കുള്ളിൽ ഉത്തരവിറക്കണമെന്നും ഹൈക്കോടതി പറഞ്ഞു. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചുവരികയാണ്. കോടതിയുടെ ഭാഗത്തുനിന്നുണ്ടായ ഇത്തരമൊരു ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ട് പോകും.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, കർണ്ണാടക ഫോറസ്റ്റും കേരള ഫോറസ്റ്റും അതിർത്തി പങ്കിടുന്ന കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ കേരള അതിർത്തി ഗ്രാമങ്ങളിൽ പതിറ്റാണ്ടുകളായി വീടുവച്ച് താമസിക്കുന്നവരുടെ പട്ടയഭൂമിയും കൈവശ ഭൂമിയും ഫോറസ്റ്റ് അധികൃതർ ജണ്ട കെട്ടി അവരുടേതാണെന്ന് ഉറപ്പിക്കുന്ന തരത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥിതിയുണ്ട്. ഇത് തടയാനും

കൃഷിക്കാരെ സംരക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വനവുമായി ബന്ധപ്പെടുന്ന അതിർത്തി പ്രദേശങ്ങളിൽ റവന്യൂ-വനം ഭൂമി സംബന്ധിച്ച പ്രശ്നങ്ങൾ നിലനിൽക്കുന്ന ഇടങ്ങളിൽ ഇതുപോലെയുള്ള ഒരുപാട് വിഷയങ്ങൾ ഉയർന്നുവരുന്നുണ്ട്. ജണ്ട കെട്ടിയതിന് പുറത്തുള്ളവരുടെ കാര്യത്തിൽപ്പോലും പ്രശ്നങ്ങളുണ്ടെന്ന് കൃഷിക്കാരുടെ ഭാഗത്തുനിന്നും ശക്തമായ അഭിപ്രായങ്ങൾ ഉയർന്നുവരാറുണ്ട്. അത്തരം സാഹചര്യങ്ങളിലെല്ലാംതന്നെ വനം-റവന്യൂ വകുപ്പുകളുടെ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ച ചെയ്ത് പ്രശ്ന പരിഹാരത്തിനുള്ള നടപടികൾ സ്വീകരിക്കുകയാണ് ചെയ്തുവരുന്നത്. ഇത്തരം പ്രശ്നങ്ങൾ ഏത് പഞ്ചായത്തിൽ ഏത് പ്രദേശത്ത് നിലനിൽക്കുന്നുവെന്ന് ബോധ്യമായാൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പരസ്പരം കൂടിയാലോചനകൾ നടത്തി എടുക്കാവുന്ന തീരുമാനങ്ങൾ എടുക്കാവുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, പട്ടയത്തിനുള്ള അപേക്ഷകൾ ഏറ്റവും കൂടുതൽ കെട്ടിക്കിടക്കുന്നത് മലപ്പുറം, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലാണ്. പുതിയ

ട്രൈബ്യൂണലുകൾ തുടങ്ങുന്നതിന് നടപടിയെടുത്തിട്ടുണ്ടെന്ന് അങ്ങ് ഇവിടെ പറഞ്ഞു. മലപ്പുറം ജില്ലയിൽ എത്ര ട്രൈബ്യൂണലുകൾ നൽകിയിട്ടുണ്ട്; അപേക്ഷകൾ ഏറ്റവും കൂടുതൽ പെൻഡിംഗ് ഉള്ള നിലമ്പൂർ, മഞ്ചേരി എന്നിവിടങ്ങളിൽ കൂടുതൽ ട്രൈബ്യൂണലുകൾ അനുവദിച്ചിട്ടുണ്ടോ; ലാന്റ് ബോർഡുകളിലും ഇതുപോലെയുള്ള പ്രശ്നങ്ങളുണ്ട്. ലാന്റ് ബോർഡുകളിൽ അഡീഷണൽ ചാർജ്ജുള്ള ചെയർമാൻമാരാണ്. അവർ പലപ്പോഴും സിറ്റിംഗ് നടത്തിയാൽ കേസ് വിളിച്ചുമാറ്റുകയെന്നല്ലാതെ കേസ് ഹിയർ ചെയ്യുന്നില്ല. ഹൈക്കോടതി ഇത്രമാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന് പറഞ്ഞ കേസുകൾ പോലും ലാന്റ് ബോർഡിൽ തീർപ്പാക്കിയിട്ടില്ല. ലാന്റ് ബോർഡിലെ കേസുകൾ തീർപ്പാക്കുന്നതിന് അങ്ങ് നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: കേസ് തീർക്കാതിരിക്കലാണ് അവിടെ നടക്കുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ ചൂണ്ടിക്കാണിച്ച കാര്യം, ലാന്റ് ബോർഡുകളുടെ ചെയർമാൻ ഡെപ്യൂട്ടി കളക്ടറാണ്. അവിടെ വരുന്ന കേസുകൾ വീണ്ടും വീണ്ടും മാറ്റിവയ്ക്കുന്ന പ്രവണത ഉയർന്നുവരുന്നുണ്ട്. സ്വാഭാവികമായും അതിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട മിച്ചഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസമുണ്ടാകുകയും ചെയ്യുന്നുവെന്ന ഒരു

വസ്തുതയുണ്ട്. അത് വേഗത്തിലാക്കുന്നതിനുവേണ്ടി, ഞാൻ നേരത്തെ പറഞ്ഞതുപോലെ സ്റ്റേറ്റ് ലാന്റ് ബോർഡ് ചെയർമാൻ ഇവിടുത്തെ ലാന്റ് ബോർഡ് സെക്രട്ടറിയുമായി ബന്ധപ്പെട്ട് അതിനുള്ള നിർദ്ദേശങ്ങൾ അടിക്കടി കൊടുത്തുകൊണ്ടിരിക്കുകയാണ്. തീർച്ചയായും ഇക്കാര്യത്തിൽ പ്രത്യേകമായി അന്വേഷണം നടത്താവുന്നതാണ്.

ബഹുമാന്യനായ എം.എൽ.എ. ചോദിച്ച മറ്റൊരു കാര്യം, മലപ്പുറം ജില്ലയിലെ തിരൂരങ്ങാടിയിലാണ് പുതിയ ലാന്റ് ട്രൈബ്യൂണൽ (എൽ.റ്റി) അനുവദിച്ചിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ രണ്ടാണ്- കുന്നംകുളം, ഇരിങ്ങാലക്കുട. പാലക്കാട്-പട്ടാമ്പി, കോഴിക്കോട്-വടകര, മലപ്പുറം-തിരൂരങ്ങാടി, കണ്ണൂർ-ഇരിട്ടി എന്നിങ്ങനെ പുതിയ ആറ് എൽ.റ്റി.-കൾ. തെക്കൻ ജില്ലകളിൽ താരതമ്യേന കേസുകൾ കുറഞ്ഞുവന്ന സാഹചര്യത്തിൽ ട്രൈബ്യൂണൽ തന്നെ അങ്ങോട്ട് മാറ്റുകയാണ്. പുനർവിന്യാസം നടത്തി നടപ്പാക്കുന്ന രീതിയാണ് അതിൽ സ്വീകരിച്ചിട്ടുള്ളത്. നിലവിൽ 31 ലാന്റ് ട്രൈബ്യൂണലുകൾ നമുക്കുണ്ടായിരുന്നു. അതിനുപുറമെ പ്രത്യേകമായി 14 ദേവസ്വം ട്രൈബ്യൂണലുകളും 15 തഹസിൽദാർമാർക്ക് അഡീഷണൽ ചുമതല നൽകിക്കൊണ്ട് കാര്യങ്ങൾ നടപ്പാക്കുകയാണ്. അങ്ങനെവരുമ്പോൾ

കേരളത്തിൽ ലാന്റ് ട്രൈബ്യൂണലുകളുടെ സ്വഭാവത്തിൽ 60 എണ്ണം പ്രവർത്തിക്കുന്നുണ്ട്. ചിലയിടങ്ങളിൽ ഭൂരേഖാ തഹസിൽദാർക്ക് എൽ.റ്റി.-യുടെ ചുമതലകൂടി കൊടുത്ത് പരിഹരിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചത്.

<u>ശ്രീമതി സി. കെ. ആശ</u>: സർ, രാജീവ് ഗാന്ധി ഹൗസിംഗ് കോളനിയിൽ താമസിക്കുന്നവർക്ക് നിലവിൽ പട്ടയമില്ലെന്ന ഒരു പരാതിയുണ്ട്. എന്റെ മണ്ഡലത്തിലെ ഉദയനാപുരം, തലയാഴം എന്നീ പഞ്ചായത്തുകളിലുള്ള അത്തരം കോളനികളിൽ ഇതുവരെ പട്ടയം ലഭ്യമായിട്ടില്ല. വർഷങ്ങൾക്കുമുമ്പ് പണിത ഇത്തരം വീടുകളിൽ താമസിക്കുന്നവരുടെ അവസ്ഥ ദുരിതപൂർണ്ണമാണ്. ഗവൺമെന്റിന്റെ ഒരു തരത്തിലുള്ള ആനുകൂല്യങ്ങളും അവർക്ക് ലഭ്യമാകുന്നുമില്ല. ആ ഒരു അവസ്ഥയിൽ അവർക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, രാജീവ് ഗാന്ധി കോളനി സ്ഥാപിക്കുന്നതിന് അല്ലെങ്കിൽ വീടുകൾ വച്ചുകൊടുക്കുന്നതിന് ഉപയോഗിച്ച ഭൂമിയുടെ സ്വഭാവമെന്തെന്നും ആ ഭൂമി പതിച്ചുകൊടുക്കാൻ കഴിയുന്നതാണോ, റവന്യൂ പുറമ്പോക്കാണോ, സർക്കാർ ഭൂമിയാണോ തുടങ്ങിയ വിശദാംശങ്ങൾ

ലഭ്യമായാൽ മാത്രമേ ഭൂമി പതിച്ചുകൊടുക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. തീർച്ചയായും റവന്യൂ പുറമ്പോക്കിലാണ് അത്തരം ഭൂമി ഉൾപ്പെടുന്നതെങ്കിൽ പതിച്ചുകൊടുക്കാനും പട്ടയം നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാം.

മി. സ്പീക്കർ: ഇനിയും അംഗങ്ങൾ ഉപചോദ്യം ചോദിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. അടുത്ത ചോദ്യത്തിനും മറുപടി നൽകുന്നത് റവന്യൂ വകുപ്പുമന്ത്രിയാണ്. അതിൽ ചോദിക്കാവുന്നതാണ്.

## റീസർവ്വേ നടപടികൾ

3(*93 ) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എം. സി. കമറുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്; ഇപ്രകാരമുള്ള റീസർവ്വേ നടപടികൾ എന്നാണ് ആരംഭിച്ചത്; ഇതിന് ഉപയോഗപ്പെടുത്തിയ സാങ്കേതിക വിദ്യയും ചെലവായ തുകയും എത്രയെന്ന് അറിയിക്കുമോ;

(ബി) റീസർവ്വേ നടപടികൾ വേഗത്തിലാക്കാൻ മുമ്പ് സ്വീകരിച്ച സാങ്കേതികവിദ്യകളിൽനിന്നും വ്യത്യസ്തമായ എന്തെങ്കിലും സംവിധാനം ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ ചെലവ് എപ്രകാരം മുൻപത്തേതിൽ നിന്നും വ്യത്യാസപ്പെട്ടും; വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സർ, സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 907 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായിട്ടുണ്ട്. 1961 -ലെ കേരള സർവ്വേയും അതിരടയാളവും ആക്ടും അതിന്റെ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും 1964 സെപ്റ്റംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരികയും ഇതിന്റെ അടിസ്ഥാനത്തിൽ 1964 മുതൽ സംസ്ഥാനത്ത് റീസർവ്വേ ആരംഭിക്കുകയും ചെയ്തു. ചെയിൻ, ക്രോസ് സ്റ്റാഫ്, തിയോഡലൈറ്റ് എന്നിവ ഉപയോഗിച്ചാണ് മുൻ കാലങ്ങളിൽ സർവ്വേ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കിയിരുന്നത്. 21-04-1997 ലെ ജി.ഒ. (എം.എസ്) 271/97/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം 1998 മുതൽ വകുപ്പിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് സർവ്വേ ചെയ്യുന്നതിന് ആരംഭിച്ചു. സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന്റെ ഭാഗമായി ആധുനിക സർവ്വേ ഉപകരണങ്ങളായ ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ (ETS),

ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (GPS) എന്നിവ വാങ്ങിയ ഇനത്തിൽ 20.44 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) നിലവിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ എന്നിവ ഉപയോഗിച്ചാണ് സർവ്വേ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. റീസർവ്വേ നടപടികൾ വേഗത്തിലാക്കാൻ സംസ്ഥാനത്ത് Continuously Operating Reference Stations (CORS) സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിലേക്കായി 21-12-2019- ലെ സ.ഉ. (സാധാ) നം. 3854/2019/റവ ഉത്തരവ് പ്രകാരം 12 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ടി സംവിധാനത്തിൽ സർവ്വേ ചെയ്യുന്നതിന് അനുബന്ധ ഉപകരണമായ Real-time kinematic (RTK) മെഷീനുകൾ കൂടി വാങ്ങുന്നതിനുള്ള ചെലവ് പ്രത്യേകം കാണേണ്ടതുണ്ട്. സംസ്ഥാനത്ത് CORS നെറ്റ്‌വർക്ക് സ്ഥാപിച്ച് RTK ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ ചെയ്യുന്നതിലൂടെ നിലവിലുള്ളതിനെക്കാൾ കൂടുതൽ വേഗത്തിൽ സർവ്വേ ചെയ്യുന്നതിന് സാധിക്കുന്നതാണ്. ഇപ്രകാരം CORS നെറ്റ്‌വർക്ക് സ്ഥാപിച്ച് സർവ്വേ ചെയ്യുമ്പോഴും നിലവിൽ ഉപയാഗിച്ചുവരുന്ന ETS, GPS മെഷീനുകൾ ഒഴിവാക്കപ്പെടുന്നില്ല. CORS സംവിധാനം പൂർണ്ണമായും സാറ്റലൈറ്റ്

സിഗ്നലുകൾ ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്. ആയതിനാൽത്തന്നെ സിഗ്നലുകൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ETS, GPS മെഷീനുകൾ ഉപയോഗിച്ച് സർവ്വേ ചെയ്യുന്നതിന് ടി ഉപകരണങ്ങളും ആവശ്യമാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പുതിയ ടെക്നോളജി ഉപയോഗിച്ചിട്ടും സർവ്വേ നടപടികൾ നീണ്ടുപോവുകയാണ്. കേരളത്തിലെ 1664 വില്ലേജുകളിൽ 907 വില്ലേജുകളിലാണ് സർവ്വേ ഇതിനകം പൂർത്തീകരിക്കപ്പെട്ടിട്ടുള്ളത്. 1964 സെപ്റ്റംബർ മാസത്തിനുശേഷമാണ് സർവ്വേ ആരംഭിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിലുണ്ട്. അതായത് 907 വില്ലേജുകൾ സർവ്വേ ചെയ്യാൻ 56 വർഷമെടുത്തു. ഒരു വർഷം ശരാശരി 16 വില്ലേജെന്നാണ് കണക്ക്. ഇനി ബാക്കിവരുന്നത് 757 വില്ലേജാണ്. ഇങ്ങനെയാണെങ്കിൽ ഈ സർവ്വേ പൂർത്തിയാക്കാൻ 47 വർഷമെടുക്കും. ഈ ടെക്നോളജിയൊക്കെയുണ്ടായിട്ടും സർവ്വേ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള സാങ്കേതിക വിദ്യയോ അനുഭവ സമ്പത്തോ ലോകത്തെവിടെയും ലഭ്യമല്ലേ; ഇത് പൂർത്തീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകമായ എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാന്യനായ എം.എൽ.എ

ചൂണ്ടിക്കാണിച്ച സർവ്വേ, ഏകദേശം പൂർത്തീകരിച്ച വില്ലേജുകളുടെ എണ്ണവും തുടങ്ങിയ വർഷവുമെല്ലാം ഹരിച്ചും ഗുണിച്ചും കണക്കാക്കിയാൽ അദ്ദേഹം പറയുന്ന കണക്ക് ശരിയാണ്. പക്ഷെ ഒരു കാര്യമുള്ളത് 1998 വരെ മാന്വലായി മാത്രം ചെയ്തുകൊണ്ടിരുന്ന ഒരു പ്രവൃത്തിയാണിത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ചെയിൻ, ക്രോസ് സ്റ്റാഫ്, തിയോഡലൈറ്റ് തുടങ്ങിയ പ്രാഥമികമായ സൗകര്യങ്ങൾ ഉപയോഗിച്ചാണ് സർവ്വേ ചെയ്തിരുന്നത്. 1998-ന് ശേഷമാണ് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രവർത്തനമാരംഭിച്ചത്. എന്നാൽ അതിനുശേഷവും വേണ്ടത്ര വേഗതയിലും പൂർണ്ണമായ അർത്ഥത്തിലും അത് പൂർത്തീകരിച്ചില്ലെന്നുള്ള വസ്തുത ശരിയാണ്, ആ വിമർശനത്തെയും ഉൾക്കൊള്ളാൻ കഴിയുന്ന കാര്യമാണ്. എന്നാൽ 21-12-2019 മുതലാണ് ആധുനികരീതിയിലുള്ള സംവിധാനമുപയോഗിച്ച് കുറേക്കൂടി വേഗതയിൽ നടത്തുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് തീരുമാനിച്ചിരിക്കുന്നതും നടപടികളുമായി മുന്നോട്ട് പോകുന്നതും. തീർച്ചയായും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൂടെ ഈ പറയുന്ന വർഷങ്ങളെടുക്കാതെ വേഗത്തിൽ പരിഹരിക്കാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, നൂതന സാങ്കേതിക വിദ്യകളുപയോഗപ്പെടുത്തി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളുടെ രേഖകൾ ഡിജിറ്റൈസ് ചെയ്ത് ഏകോപിപ്പിക്കുന്നതിന് നിലവിൽ ഒരു സംവിധാനമുണ്ടോ; കേരള ഭൂരേഖാ നവീകരണ മിഷൻ ആരംഭിച്ചതായി അറിഞ്ഞിരുന്നു; ഇതിന്റെ പ്രവർത്തനങ്ങളിൽ എന്തൊക്കെ പുരോഗതി കൈവരിച്ചു എന്നും...

ശ്രീ. പി. സി. ജോർജ്: .....മൈക്ക് ഓഫ്.....

മി. സ്പീക്കർ: എന്താണ്? അതൊക്കെ അവർ തന്നുകൊള്ളും. അതിന് നിങ്ങൾ ഇങ്ങനെയാണോ സഭയിൽ പെരുമാറുന്നത്? ഇതൊന്നും ശരിയല്ല. എടോ, പോടോ എന്നൊന്നും വിളിക്കണ്ട. ജീവനക്കാരോട് അങ്ങനെയൊന്നും വേണ്ട. അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പരാതി എഴുതി തന്നാൽമതി, ഇരിക്കു അവിടെ. ജീവനക്കാരാണെന്നു കരുതി എന്തും വിളിച്ച് പറയരുത്. ഇരിക്കു അവിടെ. ശ്രീ. കെ. എൻ. എ. ഖാദർ മൈക്ക് അങ്ങേയ്ക്കാണ് അങ്ങ് സംസാരിക്കൂ. അവർ ഒരുപാട് ജോലികൾ ഒരുമിച്ചാണ് ചെയ്യുന്നത്. അവർ ചിലപ്പോൾ രണ്ട് മിനിട്ടൊക്കെ കത്ത് തരാൻ വൈകിയെന്നുവരും. കത്ത് മാത്രമല്ല സ്പീക്കറുമായി സംസാരിക്കാൻ ചാറ്റിംഗ് സംവിധാനമുണ്ട്. നിങ്ങൾക്ക് അത് ഉപയോഗിക്കാം. പ്ലീസ്..

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, നൂതന സാങ്കേതിക വിദ്യകളുപയോഗപ്പെടുത്തി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളുടെ രേഖകൾ ഡിജിറ്റലൈസ് ചെയ്ത് ഏകോപിപ്പിക്കുന്നതിന് നിലവിൽ ഒരു സംവിധാനമുണ്ടോ; കേരള ഭൂരേഖാ നവീകരണ മിഷൻ ആരംഭിച്ചതായി അറിഞ്ഞിരുന്നു; അതിന്റെ പ്രവർത്തനങ്ങളിൽ എത്ര പുരോഗതി കൈവരിച്ചെന്നും വിശദീകരിക്കാമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള സംവിധാനത്തിന് ആവശ്യമായ തുടക്കം കുറിക്കുകയും അതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ ഒന്നുരണ്ട് ഘട്ടങ്ങളിലായി അതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തി മുന്നോട്ടു പോവുകയുമാണ്. എത്രയും പെട്ടെന്ന് സംയോജിതമായ പ്രവർത്തനങ്ങൾ നടത്തി ഇതിലെ കുറവുകൾ പരിഹരിക്കാനും ഭൂമി കൈമാറ്റം ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ നടക്കുമ്പോൾ എത്രയും പെട്ടെന്ന് അവർക്കാവശ്യമായ രീതിയിൽ രജിസ്ട്രേഷൻ നടക്കുന്ന മുറയ്ക്ക് തന്നെ റവന്യൂ റിക്കാർഡുകളിൽ മാറ്റം വരുത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്നതിനുള്ള സംവിധാനമാണ് ഇതിന്റെ ഭാഗമായി നടപ്പാക്കാൻ തീരുമാനിക്കുന്നത്. അങ്ങനെ വരുമ്പോൾ കുറ്റമറ്റ രീതിയിൽ ഇക്കാര്യങ്ങൾ

നടപ്പാക്കാൻ കഴിയുമെന്നുതന്നെയാണ് കരുതുന്നത്. വലിയ തോതിൽ ഭൂമിയുടെ കാര്യത്തിലും മറ്റും നടത്തുന്ന പ്രവർത്തനങ്ങളും തിരിമറികളും ഇല്ലായ്മ ചെയ്യാനും സുതാര്യമായി കാര്യങ്ങൾ നടപ്പാക്കാനും കഴിയുന്ന രീതിയിൽ ഇതിനെക്കുറിച്ചുള്ള ആലോചന നടത്തുകയും അത് എത്രയും വേഗം നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, മണ്ഡലങ്ങളിലെ വികസനവുമായി ബന്ധപ്പെട്ട് റോഡിന്റെയും മറ്റ് കാര്യങ്ങൾക്ക് സർവ്വേ നടത്തിയതിനുശേഷം മാത്രമേ പ്രവൃത്തി തുടങ്ങുവാൻ സാധിക്കുകയുള്ളൂ. പക്ഷേ സർവ്വേ സ്റ്റാഫ് വളരെ കുറവാണ്. പഴയ കാലത്തെ പാറ്റേൺ ആണെന്നാണ് എനിക്ക് തോന്നുന്നത്. പുതിയ രീതിയിലുള്ള സർവ്വേ സ്റ്റാഫിനെ നിയമിക്കേണ്ടത് ആവശ്യമാണ്. 1664 വില്ലേജുകളിൽ 907 വില്ലേജുകളിൽ മാത്രമാണ് റീ സർവ്വേ പൂർത്തിയായിട്ടുള്ളത്. ശ്രീ. കെ. എൻ. എ. ഖാദർ സൂചിപ്പിച്ചതുപോലെ 50 കൊല്ലം കഴിഞ്ഞിട്ടും ഇത്രയും വില്ലേജുകൾ മാത്രമേ പൂർത്തിയായിട്ടുള്ളൂ. ഈ സർവ്വേ നടപടികൾ എപ്പോൾ പൂർത്തിയാക്കാനാണ് സാധിക്കുന്നത്? റീ സർവ്വേ നടപടികൾ പൂർത്തിയാക്കാൻ ഔട്ട്സോഴ്സിംഗ് സംവിധാനത്തെക്കുറിച്ച് ആലോചിച്ചുകൂടേ? ഹൈദ്രാബാദിൽ കൃത്യമായി സർവ്വേ ചെയ്തുകൊടുക്കുന്ന

സ്ഥാപനങ്ങളുണ്ട്. മണ്ണാർക്കാട് താലൂക്കിൽ ഫോറസ്റ്റ്-റവന്യൂ വിഷയമുള്ളിടത്ത് സർവ്വേ എല്ലാം പൂർത്തിയായിട്ട്. 01-01-1977-ന് മുമ്പ് വനമേഖലയിലുള്ള ഭൂമിയിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി പട്ടയം കൊടുക്കാവുന്നതാണെന്ന് ശിപാർശ ചെയ്തിട്ടും 465 കുടുംബങ്ങൾ 25 കൊല്ലമായി കാത്തിരിക്കുകയാണ്. റവന്യൂ വകുപ്പിനോട് ചോദിക്കുമ്പോൾ ഫയൽ വനം വകുപ്പിലാണെന്നും വനം വകുപ്പിനോട് ചോദിക്കുമ്പോൾ കേന്ദ്രത്തിന്റെ അനുമതിക്ക് അയച്ചിരിക്കുന്നു എന്നുമാണ് പറയുന്നത്. ഇത് വളരെ പരിതാപകരമാണ്. അവർക്ക് അവിടെയൊന്നും ചെയ്യാൻ കഴിയുന്നില്ല ; ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയായതാണ്. മണ്ണാർക്കാട് താലൂക്കിലെ എല്ലാ നടപടികളും പൂർത്തിയായ 465 കുടുംബങ്ങൾക്ക് പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. രണ്ട് കാര്യങ്ങളാണ് സൂചിപ്പിച്ചത്. പ്രധാനമായും അദ്ദേഹം അവസാനം പറഞ്ഞ മണ്ണാർക്കാട് മണ്ഡലത്തിലെ വനം-റവന്യൂ വകുപ്പുകൾ തമ്മിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ എൻവയോൺമെന്റ് ക്ലിയറൻസിനായുള്ള അനുമതിക്കായി അയച്ചിട്ടുണ്ടെങ്കിൽ

തീർച്ചയായും അത് പരിശോധിച്ച്, 25 വർഷത്തെ കാലതാമസം ഒരു കാരണവശാലും ഉണ്ടാകേണ്ടതില്ല. അപ്‌ലോഡ് ചെയ്തതിന്റെ വിശദാംശങ്ങൾ ശേഖരിച്ച് പരിശോധിച്ച് ആവശ്യമായ നടപടികളുമായി മുന്നോട്ട് പോകാം. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച മറ്റൊരു വിഷയം സർവ്വേയർമാരുടെ എണ്ണത്തെ സംബന്ധിച്ചാണ്. ഏതാണ്ട് 2000 -ത്തോളം വരുന്ന സർവ്വേയർമാരാണ് വിവിധ ശ്രേണികളിലുള്ളത്. സർവ്വേയർമാർ, ഡ്രാഫ്റ്റ്സ്മാൻ, ഹെഡ് ഡ്രാഫ്റ്റ്സ്മാൻ, സൂപ്രണ്ട് തുടങ്ങിയ എല്ലാ ജീവനക്കാരുടെയും എണ്ണം എടുത്താൽ 3000-ൽ താഴെയാണുള്ളത്. ഇവരിൽ മഹാഭൂരിപക്ഷം പേരിൽ നിന്നും കണ്ടിന്യൂസ് സാംങ്ഷൻ വാങ്ങിക്കൊണ്ടാണ് എല്ലാ വർഷവും നിലനിർത്തുന്നത്. അവർ ഇവിടെ സ്ഥിരമായി ജോലി ചെയ്യുന്നവരാണെങ്കിലും അവർക്ക് ഇപ്പോൾത്തന്നെ കണ്ടിന്യൂസ് സാംങ്ഷൻ കിട്ടുന്നതിനുവേണ്ടിയുള്ള വലിയ ശ്രമം നടത്തുകയാണ്. ഇപ്പോൾ അവസാനമായി 90 പേരുടെ നിയമനത്തിനുള്ള നടപടികളുമായി മുന്നോട്ട് പോയിട്ടുണ്ട്. താലൂക്ക് സർവ്വേയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 453-ൽ അധികം ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. എന്നാൽ മെഗാ പ്രോജക്ടിനുവേണ്ടി ആളുകളെ കണ്ടെത്തുന്നതിന് പലപ്പോഴും പ്രയാസം ഉണ്ടാകുന്നുണ്ട്.

എങ്കിൽപോലും ആ പ്രോജക്ടുകൾക്ക് ഭൂമി സർവ്വേ ചെയ്യുന്നതിനാവശ്യമായ രീതിയിൽ അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി യഥാസമയം അനുവദിച്ച് കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, താലൂക്ക് ഓഫീസുകളിൽ നിയമിച്ചിരിക്കുന്ന സർവ്വേയർമാരുടെ നിയന്ത്രണം ഭൂരേഖ തഹസിൽദാർമാരുടെ കീഴിലാണ്. സർവ്വേയർമാർ നടത്തുന്ന സർവ്വേ റിപ്പോർട്ട് പലപ്പോഴും തഹസിൽദാർമാക്ക് ബോധ്യമാകാതിരിക്കുകയും അല്ലെങ്കിൽ അതിന്റെ സാങ്കേതിക ബുദ്ധിമുട്ട് പറഞ്ഞ് ഒരുപാട് കാലതാമസവും എടുക്കുന്നുണ്ട്. അക്കാര്യത്തിൽ ഗവൺമെന്റ് സ.ഉ. (എം.എസ്.)181/2018 റവന്യൂ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം, കേരളത്തിലെ റീസർവ്വേ പ്രവർത്തനം കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വേ സംബന്ധിച്ച സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വേ ട്രെയിനിംഗ് സ്കൂളിൽ നിന്ന് ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തി വാലിഡേഷൻ ജോലികൾ സർവ്വേ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെ

കൊണ്ട് നിർവ്വഹിപ്പിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നു. അത് പ്രാവർത്തികമാക്കിയിട്ടുണ്ടോ; അത് പ്രാവർത്തികമാക്കാൻ എളുപ്പമുള്ള മാർഗ്ഗം സ്വീകരിച്ചാൽ ഇത് പരിഹരിക്കുവാൻ കഴിയും. അത് നടപ്പിലാക്കാനുള്ള ശ്രമം അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ജില്ലകളിലുള്ള സർവ്വേയർമാരുടെ ചുമതല ഭൂരേഖ തഹസിൽദാർമാർക്ക് മാത്രമല്ല, അവരെ ആവശ്യമുള്ളിടത്ത് നിയോഗിക്കുന്നത് കളക്ടർമാരാണ്. അവർ സർവ്വേ പ്രവർത്തനം നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടത് ഭൂരേഖ തഹസിൽദാർക്ക് തന്നെയാണ്. അതുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ യഥാസമയം പരിഹരിക്കപ്പെടാതെ നിൽക്കുന്ന സ്ഥിതിയുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച കാര്യത്തിൽ ഇത്തരമൊരു തീരുമാനം നേരത്തെ എടുത്തതാണ്. അക്രഡിറ്റഡ് ഏജൻസിയുമായി ബന്ധപ്പെട്ടുകൊണ്ട് അവരിൽ നിന്നും ആളുകളെ സ്വീകരിച്ച് റീ സർവ്വേ പ്രവർത്തനം വളരെ വേഗത്തിൽ നടത്താനുള്ള മാർഗ്ഗത്തെക്കുറിച്ച് ആലോചിച്ചതാണ്. അതിനിടയിൽ പ്ലാനിംഗ് ബോർഡിന്റെ ഭാഗത്തുനിന്നുള്ള നിർദ്ദേശം അനുസരിച്ച് പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ഉൾപ്പെടെയുള്ളവർ നമ്മുടെ സമീപ പ്രദേശങ്ങളിലുള്ള സംസ്ഥാനങ്ങളെ,

പ്രത്യേകിച്ച് തെലങ്കാന, ആന്ധ്രാപ്രദേശ്, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിൽ പരിശോധന നടത്തി ഒരു റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് എളുപ്പത്തിൽ നടത്താമെന്ന നിർദ്ദേശം മുന്നോട്ട് വയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ അത് തുടങ്ങുവാൻ സാധിച്ചില്ല. അതിന്റെ നടപടികളുമായി മുന്നോട്ട് പോകുകയായിരുന്നു.

ശ്രീ. എം. സി. കമറുദ്ദീനുവേണ്ടി ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഈ സർവ്വേയുടെ ഉദ്ദേശ്യം പരാജയപ്പെട്ടിരിക്കുന്നു എന്ന് പറയുന്നില്ല. പക്ഷെ ആകെ കുഴഞ്ഞ് മറിഞ്ഞിരിക്കുകയാണ്. റീ സർവ്വേ നടന്ന വില്ലേജുകളിലെ ആളുകൾക്ക് നികുതി അടയ്ക്കുവാൻ പറ്റാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. കേരളത്തിലെ 1664 വില്ലേജുകളിൽ 907 വില്ലേജുകളിൽ റീ സർവ്വേ പൂർത്തിയായി എന്നാണ് പറയുന്നത്. കാസർഗോഡ് ജില്ലയുമായി താരതമ്യപ്പെടുത്തുമ്പോൾ അത് നല്ല പുരോഗതിയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ജില്ലയാണ്. മന്ത്രി സ്വാർത്ഥമതിയല്ലെന്നുള്ളതിന്റെ തെളിവാണിത്. മന്ത്രിയുടെയും എന്റെയും താലൂക്കായ കാസർഗോഡ് താലൂക്കിൽ 27-ഓളം വില്ലേജുകളുണ്ട്. അതിൽ കൂടല്ലൂർ, മധൂർ വില്ലേജുകളിൽ മാത്രമാണ് റീ സർവ്വേ

പൂർത്തിയായിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മണ്ഡലമായ കാഞ്ഞങ്ങാടും മഞ്ചേശ്വരത്തും സ്ഥിതി ഇതുതന്നെയാണ്. എല്ലാ മണ്ഡലങ്ങളിലെ സ്ഥിതിയും ഇതുതന്നെയാണ്. അവിടങ്ങളിൽ റീ സർവ്വേ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ? റീ സർവ്വേയുമായി ബന്ധപ്പെട്ട രേഖകൾക്ക് ഉദ്യോഗസ്ഥന്മാർ വീടുകളിൽ പോകുമ്പോൾ അവിടെ ആളുകളില്ലെങ്കിൽ ഈ ഉദ്യോഗസ്ഥന്മാർ ആ സ്ഥലം പുറമ്പോക്കാണെന്ന് എഴുതി വയ്ക്കും. കാസർഗോഡ് ജില്ലയിൽ അത്തരം പ്രശ്നത്തിൽ അകപ്പെട്ട കുറേയാളുകളുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, യഥാർത്ഥത്തിൽ ഉടമസ്ഥാവകാശമുള്ള, ജന്മാവകാശമുള്ള ഏതെങ്കിലും സ്വത്തിന്റെ കാര്യത്തിൽ അത്തരം കാര്യങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് പ്രത്യേകമായും നൽകിയാൽ തീർച്ചയായും ആയവ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അങ്ങ് ഇവിടെ ഉന്നയിച്ച മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, സർവ്വേ പ്രവർത്തനങ്ങൾ നടത്തിയതിൽ പരാതികൾ ഉന്നയിക്കപ്പെടുന്നു അല്ലെങ്കിൽ നികുതി അടയ്ക്കാൻ കഴിയാതെ പോകുന്നു എന്നുള്ളതാണ്. അത്തരം സാഹചര്യങ്ങൾ പലയിടങ്ങളിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന് പല

കാരണങ്ങളാണ് നമുക്ക് കാണാൻ കഴിയുന്നത്. യഥാർത്ഥത്തിൽ നമ്മുടെ കൈവശമിരിക്കുന്ന ഭൂമിയേക്കാൾ കൂടുതൽ ഭൂമി നമ്മുടെ കയ്യിലുണ്ടെന്ന് അളവിൽ ബോധ്യമാവുകയാണെങ്കിൽ നേരത്തേ നമ്മുടെ കൈവശമുള്ള അത്രയും ഭൂമിക്ക് കരം അടയ്ക്കുവാൻ സാധിക്കും. കൂടുതലുള്ള ഭൂമി ചിലപ്പോൾ റവന്യൂ പുറമ്പോക്കാണെങ്കിൽ അതവർക്ക് അനുവദിച്ച് കൊടുക്കാൻ സർവ്വേ ഡിപ്പാർട്ടുമെന്റിന് അധികാരമില്ലാത്തതാണ്. എന്നാൽ ആ ഭൂമി ഉൾപ്പെടെ കരം അടയ്ക്കണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടാൽ അത് സാധ്യമാകാത്ത സാഹചര്യമാണ്. നിയമാനുസൃതമായി നിലവിലുള്ള രേഖയിൽ പറയുന്ന കാര്യങ്ങൾക്ക് തടസ്സമില്ലാതെ വരും. അങ്ങനെ വരുന്നുണ്ടെങ്കിൽ അതും ഏതെങ്കിലും തരത്തിൽ റവന്യൂ പുറമ്പോക്കോ സർക്കാർ ഭൂമിയോ ആയി മാറിയതിന്റെ ഭാഗമായി കരം അടയ്ക്കുവാൻ കഴിയാത്ത സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച ഒരു കാര്യം ഉദുമ നിയോജകമണ്ഡലത്തിലെ ഒരാളിനെ നേരിട്ട് എനിക്ക് ബോധ്യമുള്ള കാര്യമാണ്. അദ്ദേഹം 40 വർഷത്തിലധികമായി താമസിക്കുന്ന സ്ഥലം ഇപ്പോൾ സർക്കാർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയതുകൊണ്ട് കരം അടയ്ക്കുവാൻ കഴിയാത്ത സാഹചര്യമുണ്ട്. സൂപ്പി എന്നാണ് അദ്ദേഹത്തിന്റെ

പേര്. ആ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളടക്കം പരിശോധിച്ചുവരികയാണ്.

മി. സ്പീക്കർ: ക്ഷമിക്കണം, ചോദ്യോത്തരവേള അവസാനിച്ചിരിക്കുകയാണ്. ചോദ്യം ചോദിക്കുമ്പോൾ കുറച്ച് ചുരുക്കി ചോദിച്ചാൽ മറ്റ് ആഗ്രഹിക്കുന്ന അംഗങ്ങൾക്കുംകൂടി അവസരം ലഭിക്കും. ആരും സഹകരിക്കാത്തതുകൊണ്ടാണ് ഇങ്ങനെ നീണ്ട് പോകുന്നത്.

ഓർഡർ ..... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)